# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കരകുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വിഎം/ജി.പി.3/1543/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 09/11/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വിഎം/ജി.പി.3/1543/2023 തീയ്യതി: 09/11/2023

## തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 64 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 46 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ ഗ്രേ) | 23-09-2023 | 04-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-09-2023 | 04-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലീന പി ബി ,ഓഡിറ്റ് ഓഫീസർ

ശ്രീ അഭിജിത്ത് ആർ ,അസി. ഓഡിറ്റ് ഓഫീസർ

ശ്രീമതി വെർജിൻ ഷീജ.റ്റി , അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി കല പി ,ഓഡിറ്റർ

ശ്രീമതി ദേവിക പി ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ലേഖാറാണി യു | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ലാൽസിംഗ് എസ് | സെക്രട്ടറി | 01-04-2022 | 15-10-2022 |
| രാജു മോഹൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-10-2022 | 27-11-2022 |
| ബി സജികുമാർ | സെക്രട്ടറി | 28-11-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അശ്വതി ശശിധരൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ മേരി വിനി ഏഞ്ചൽ | വെറ്റിനറി സർജൻ | 01-04-2022 | 28-01-2023 |
| ഡോ. ഭാഗ്യലക്ഷ്മി | വെറ്റിനറി സർജൻ | 29-01-2023 | 31-03-2023 |
| ലീന തോമസ് | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 31-03-2023 |
| ശശികലാദേവി ഇ | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ഡോ. അരുൺ | മെഡിക്കൽ ഓഫീസർ എഫ് എച്ച് സി | 01-04-2022 | 31-03-2023 |
| അനിയൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| സജീവ് കുമാർ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 02-11-2022 |
| പ്രശാന്ത് | ഫിഷറീസ് ഇൻസ്പെക്ടർ | 03-11-2022 | 31-03-2023 |
| പത്മകുമാരി | ഐ.സി,ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| രാജുമോഹൻ | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| സജു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 13-10-2022 |
| ബിപിൻ ഡേവി | അസിസ്റ്റന്റ് എഞ്ചിനീയർ | 14-10-2022 | 31-03-2023 |
| ദീജു.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2022 | 31-03-2023 |
| ദീപ്തി .എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്ലോസിങ് സ്റ്റോക്ക്- മൂല്യം വാർഷിക കണക്കിൽ ഉൾപെടുത്തിയിട്ടില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല | 1-1-3 |
| 5 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ചെക്ക് നിക്ഷേപിച്ചു -ബാങ്കിൽ ക്രെഡിറ്റ് ആയില്ല | 1-1-5 |
| 7 | വരവ് ഇനങ്ങളിലെ നീക്കിയിരിപ്പുതുകയും ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പുതുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | രജിസ്റ്റർ പ്രകാരമുള്ള ഡി സി ബി തുകകളിലും വാർഷിക കണക്ക പ്രകാരമുള്ള ഡി സി ബി തുകകളിലും വ്യത്യാസം കാണുന്നു. | 1-1-7 |
| 9 | Depreciation - ഉൾപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | ഡെപ്പോസിറ്റ് വർക്ക് തുകകളും അഡ്വാൻസ് തുകകളും ക്രമീകരിച്ചിട്ടില്ല | 1-1-9 |
| 11 | ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ ധനകാര്യപത്രികയിലെ രേഖപ്പെടുത്തൽ സുലേഖപ്രകാരമുള്ള ചെലവു തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | വായ്പ/വായ്പാ തിരിച്ചടവ് സംബന്ധിച്ച രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | ബജറ്റ് രൂപീകരണം | 1-2-1 |
| 15 | പുതുക്കിയ ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ | 1-2-2 |
| 16 | ഗ്രാന്റ് | 1-3 |
| 17 | വിവിധ ഫണ്ടുകളുടെ ചെലവു ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്. | 1-3-1 |
| 18 | മുൻവർഷ ബാലൻസ്ഷീറ്റിൽ ബി4 ശീർഷകത്തിലുള്ള തുകകൾ അതേപടി ബാദ്ധ്യതയായി ഈ വർഷത്തെ ബാലൻസ് ഷീറ്റിൽ കാണുന്നു. | 1-3-2 |
| 19 | സാമ്പത്തിക അവലോകനം | 1-4 |
| 20 | പദ്ധതി ആസൂത്രണം | 1-5 |
| 21 | ക്ഷേമ പദ്ധതികൾ | 1-6 |
| 22 | റബർ സബ്സിഡി കൈപ്പറ്റുന്ന പെൻഷൻ ഗുണഭോക്താക്കൾ- വിശദ പരിശോധന നടത്തിയിട്ടില്ല. | 1-6-1 |

| | | |
|---|---|---|
| 23 | വാർധക്യകാല പെൻഷൻ വിതരണത്തിലെ അപാകത | 1-6-2 |
| 24 | ക്യാഷ് പരിശോധന | 1-7 |
| 25 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 26 | ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി | 1-9 |
| 27 | MGNREGS- വരവ് ചെലവ് കണക്കുകൾ | 1-9-1 |
| 28 | അടിസ്ഥാന വിവരങ്ങൾ | 1-9-2 |
| 29 | തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് T D S ഈടാക്കിയിട്ടില്ല | 1-9-3 |
| 30 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 31 | വസ്തുനികുതി ഈടാക്കിയതിലെ അപാകത | 1-11 |
| 32 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തു നികുതി ഈടാക്കിയതിലെ അപാകത | 1-11-1 |
| 33 | സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്നതിൽ വ്യക്തതയില്ല | 1-11-2 |
| 34 | സേവന ഉപനികുതി സാധ്യത പരിശോധിക്കേണ്ടതാണ് | 1-11-3 |
| 35 | തൊഴിൽ നികുതി കുറവ് ഈടാക്കിയിരിക്കുന്നു | 1-12 |
| 36 | സ്ഥാപന തൊഴിൽ നികുതി കുറവ് ഈടാക്കിയിരിക്കുന്നു. | 1-12-1 |
| 37 | ഓഡിറ്റോറിയം/കല്ല്യാണമണ്ഡപം -ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. | 1-13 |
| 38 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ -അപാകതകൾ | 1-13-1 |
| 39 | വാടക കൃത്യമായി ഈടാക്കുന്നില്ല. | 1-14 |
| 40 | ഹരിത കർമസേനക്ക് വാഹനം വാങ്ങൽ പദ്ധതി-അപാകങ്ങൾ | 1-15 |
| 41 | പഠനമുറി-സ്പിൽ ഓവർ പദ്ധതി -പ്രവൃത്തി പൂർത്തിയാക്കിയില്ല | 1-16 |
| 42 | കുടിവെള്ളവിതരണത്തിനായി വാട്ടർ അതോറിറ്റിക്ക് സ്ഥലം വാങ്ങൽ പദ്ധതി -വാങ്ങിയ സ്ഥലത്തിന് തണ്ടപ്പേർ പിടിച്ച് കരം ഒടുക്കിയില്ല. | 1-17 |
| 43 | പഠനമുറി പദ്ധതി-പ്രവൃത്തി പൂർത്തിയാക്കിയില്ല. | 1-18 |
| 44 | വൃദ്ധർക്ക് കട്ടിൽ-പദ്ധതി -കട്ടിലുകൾ വിതരണം ചെയ്തില്ല | 1-19 |
| 45 | കുട്ടികളുടെ സമഗ്ര കലാകായിക വികസനം പദ്ധതി | 1-20 |
| 46 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-പരമാവധി തുകയിൽ നിന്നും 4668/- രൂപ അധികം നൽകിയിരിക്കുന്നു | 1-21 |
| 47 | ലൈഫ് ഭവന പദ്ധതി ഫേസ്-3 ഭൂമി വാങ്ങി വന്നവർക്കുള്ള ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-22 |
| 48 | കരാർ ചമച്ച ഗുണഭോക്താക്കൾ - ഭവനം നിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-23 |

| | | |
|---|---|---|
| 49 | എൻ.ആർ.എച്.എം-ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ സബ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. | 1-24 |
| 50 | ഡയാലിസിസ് രോഗികൾക്ക് ചികിത്സാ ധനസഹായം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 1-25 |
| 51 | സ്ത്രീ പദവി പഠനം-പെൺ അടയാളങ്ങൾ പദ്ധതി-അപാകങ്ങൾ | 1-26 |
| 52 | ഹരിതകർമ്മ സേന - ധനവിനിയോഗത്തിലെ അപാകങ്ങൾ | 1-27 |
| 53 | ഹോണറേറിയം തുക മാറുന്നതിലെ അപാകങ്ങൾ | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പാ /വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ്നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 04/08/23 തിയ്യതിയിലെ 4(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 07/08/23 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കരകുളം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 31/2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-3-23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കരകുളം ഗ്രാമപഞ്ചായത്തിന്റെ 2022-23വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

A. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62 (2)(എ) പ്രകാരം വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കണമെന്നും അതിൽ പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണെന്നുമുണ്ട്. ചട്ടം 62(2)(ബി) പ്രകാരം അക്കൗണ്ടിംഗ് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തി അടിസ്ഥാനഅനുപാതങ്ങൾ തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ, വാർഷിക ധനകാര്യപത്രികയോടൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല

B. ബാലൻസ് ഷീറ്റ് ബി1 ഷെഡ്യൂളിലെ നീക്കിയിരിപ്പ് പരിശോധിക്കുന്നതിനാവശ്യമായ B-1( ലാന്റ്സ്കെയിപ്പിലുള്ളത്) ഷെഡ്യൂൾ വാർഷിക പത്രികക്കൊപ്പം ലഭ്യമല്ല.

ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (26/22, 26/09/23) മറുപടി ഇപ്രകാരമാണ്

A. ILGMS സോഫ്റ്റ് വെയറിൽ അപ്ഡേഷൻ വരുത്തി തുടർ വർഷങ്ങളിൽ ഇപ്രകാരമുള്ള അപാകത ഒഴിവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

B. ഐ എൽ ജി എം എസ് സോഫ്റ്റ് വെയറിൽ ടി റിപ്പോർട്ട് ഉൾപ്പെടാത്തതിനാലാണ് ഉള്ളടക്കം ചെയ്യാത്തതെന്ന്

അറിയിച്ചു.

## 1-1-2 ക്ലോസിങ് സ്റ്റോക്ക്- മൂല്യം വാർഷിക കണക്കിൽ ഉൾപെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല.എന്നാൽ തൻ വർഷം വിവിധ പദ്ധതികളിലായി സാധനങ്ങൾവാങ്ങിയിട്ടുണ്ട്.ആയതിന്റെ മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ , വിലരേഖപ്പെടുത്തുന്നില്ല.സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ). ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (26/22, 26/09/23)- ILGMS- ൽ സ്റ്റോക്കുകളുടെ മൂല്യം നിർണ്ണയം നടത്തുന്നതിനോ എന്റർ ചെയ്യുന്നതിനോ ഉള്ള സൗകര്യം നിലവിൽ ലഭ്യമല്ലായെന്ന് അറിയിക്കുകയുണ്ടായി. സ്റ്റോക്കിന്റെ മൂല്യം നിർണ്ണയിച്ച് വാർഷിക കണക്കിൽ ഉൾപ്പെടുത്തണം.

## 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല

ആസ്തി രജിസ്റ്റർ പ്രിന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. ആസ്തികൾ ആർജ്ജിച്ച തീയതി, മൂല്യം, അസ്തിത്വം, മൂല്യശോഷണം, മൂല്യവർദ്ധനവ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള തുകയായ 20776718/- സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-4 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതായി കാണുന്നു. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 18900564/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 14157021/- രൂപയാണ്. ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (26/22, 26/09/23) ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് ILGMS സോഫ്റ്റ് വെയറിൽ നിന്നും ജനറേറ്റ് ചെയ്യപ്പെടുന്ന റിപ്പോർട്ട് ആയതിനാൽ എന്ട്രികൾ/കറക്ഷൻ സംബന്ധിച്ച് പ്രത്യേക രേഖപ്പെടുത്തലുകൾ ഒന്നും തന്നെ വരുത്തുന്നില്ലായെന്നാണ് ലഭ്യമായ മറുപടി.

## 1-1-5 ചെക്ക് നിക്ഷേപിച്ചു -ബാങ്കിൽ ക്രെഡിറ്റ് ആയില്ല

ഫെഡറൽ ബാങ്ക് തനതുഫണ്ട് അക്കൗണ്ടിൽ (19360100098208) റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം(മാർച്ച് 2023) കാലാവധി കഴിഞ്ഞ 1400/-രൂപ ഉൾപ്പെട്ടിട്ടുണ്ട്. തുക എന്താവശ്യത്തിന് ലഭ്യമായതാണെന്നും, തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-1-6 വരവ് ഇനങ്ങളിലെ നീക്കിയിരിപ്പുതുകയും ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പുതുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2022-2023 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന വരവ് ഇനങ്ങളിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല.

| ക്രമനം | ഇനം | ഡിമാന്റ് | കളക്ഷൻ | AFS-ലെ Balance |
|---|---|---|---|---|
| 1 | Property Tax On Residential Buildings) (Current | 10092235 | 9322019 | 808728 |
| 2 | Property Tax On Residential Buildings(Arrear) | | 2694842 | 1543481 |
| 3 | Property Tax On Non Residential Buildings(current) | 4912958 | 4751501 | 169530 |
| 4 | Property Tax On Non Residential Buildings(Arrear) | | 840785 | 569393 |
| 5 | Profession Tax- | 0 | 29260 | 0 |

| | | | | |
|---|---|---|---|---|
| | Pofessionals/Institutions /Traders(Arrear) | | | |
| 6 | Profession Tax Employees | 2664050 | 2622800 | 0 |

ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (12/22, 25/09/23) ലഭ്യമായ മറുപടി ഇപ്രകാരമാണ് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നത് ഐ എൽ ജി എം എസ് സോഫ്റ്റ് വെയർ മുഖേനയാണ് അതിൽ ബുക്ക് അഡ്ജസ്റ്റ്മെന്റ് തുകകൾ കണക്കാക്കാതെയുള്ള തുകയാണ് ബാലൻസ് തുകയായി കാണിക്കുന്നത്. ആയതിനാലാണ് ഈ അപാകത വന്നത്. വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുത്തേണ്ടതാണ്.

## 1-1-7 രജിസ്റ്റർ പ്രകാരമുള്ള ഡി സി ബി തുകകളിലും വാർഷിക കണക്കു പ്രകാരമുള്ള ഡി സി ബി തുകകളിലും വ്യത്യാസം കാണുന്നു.

ചുവടെ ചേർക്കുന്ന ഇനങ്ങളിൽ രജിസ്റ്റർ പ്രകാരമുള്ള ഡി സി ബി തുകകളിലും വാർഷിക കണക്കു പ്രകാരമുള്ള ഡി സി ബി തുകകളിലും വ്യത്യാസം കാണുന്നു.

| ഇനം | ശീർഷകം കോഡ് | ഡിമാന്റ് | കളക്ഷൻ | |
|---|---|---|---|---|
| | | | (റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | രജിസ്റ്റർ പ്രകാരം |
| പ്രൊഫഷൻ ടാക്സ് ( എംപ്ളോയീസ് | 110200102 | 2664050 | 2622800 | |
| (Current) License Fee For Factories , Traders, Entrepreneurs And Other Services | 140110101 | 534940 | 382340 | |

രജിസ്റ്റർ പ്രകാരമുള്ള ഡി സി ബി തുകയും വാർഷിക കണക്കു പ്രകാരമുള്ള ഡി സി ബി തുകയും തമ്മിൽ പൊരുത്തപ്പെടുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-1-8 Depreciation - ഉൾപ്പെടുത്തിയിട്ടില്ല

അക്യൂമലേറ്റഡ് ഡിപ്രിസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയിൽ നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല. ഉദാ. പ്ലാന്റ് ആന്റ് മെഷീനറി Rs 1684266/- എന്നാൽ തൻവർഷത്തെ B 11 ഷെഡ്യൂളിൽ നീക്കിയിരിപ്പ് തുകയിൽ ആസ്തിയായി കാണിച്ചിട്ടുണ്ട്.

## 1-1-9 ഡെപ്പോസിറ്റ് വർക്ക് തുകകളും അഡ്വാൻസ് തുകകളും ക്രമീകരിച്ചിട്ടില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുക ക്രമീകരിച്ചിട്ടില്ല.

| | |
|---|---|
| 1) KWA | 22573907 (മുന്നിരിപ്പ് ഉൾപ്പെടെ നീക്കിയിരിപ്പ് തുക) |
| 2) KSEB | 18640315 (മുന്നിരിപ്പ് ഉൾപ്പെടെ നീക്കിയിരിപ്പ് തുക) |

ഇവയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായത് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റി റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-1-10 ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ ധനകാര്യപത്രികയിലെ രേഖപ്പെടുത്തൽ സുലേഖപ്രകാരമുള്ള ചെലവു തുകയുമായി പൊരുത്തപ്പെടുന്നില്ല.

| | മുന്നിരിപ്പ് | AFS- ലെ l | സുലേഖ | നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|---|---|---|

| | | -6 പ്രകാരമുള്ള തുക | പ്രകാരമുള്ള ചെലവ് | B/S B4 പ്രകാരം | |
|---|---|---|---|---|---|
| Contrubution ForJoint Venture Projects (Revenue)--From District Panchayat | 3400 | 1628125 | 1656125 | 3400 | 28000 |

ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (09/22, 25/09/23) ഹരിതഭവനം പദ്ധതിയ്ക്കായി ടി തുക ചെലവഴിച്ചതിനാലാണ് ഇപ്രകാരം വ്യത്യാസം വന്നതെന്ന് ലഭിച്ച മറുപടി.

### 1-1-11 വായ്പ്പാ/വായ്പ്പാ തിരിച്ചടവ് സംബന്ധിച്ച രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല

വായ്പ്പാ തിരച്ചടവു തുകയിൽ നിക്കിയിപ്പിൽ വ്യത്യാസം കാണുന്നു

| ക്രമ നം | ഇനം | മുന്നിരിപ്പ് തുക | തൻവർഷം ലഭിച്ച തുക | സുലേഖ പ്രകാരമുള്ള വായ്പ്പാ തിരിച്ചടവ് | B5 പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | Secured Loan--Loan From KURDFC | 40525980 | 0 | 4039397 | 32447186 |

ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് ( 10/22, 25/09/23) ഐ.എൽ. ജി.എം.എസ്. സോഫ്റ്റ് വെയർ മുഖാന്തിരം വന്നിട്ടുള്ള പിഴവ് നടപ്പ് സാമ്പത്തിക വർഷം ഹെഡ് കറക്ഷൻ നടത്തി പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് 26/03/2022- ാം തീയതിയിലെ തീരുമാനം നമ്പർ (1) പ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബഡ്ജറ്റ് ഭരണസമിതിയുടെ 17/02/2023 തീയതിയിലെ 3(14)- നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

### 1-2-1 ബജറ്റ് രൂപീകരണം

1. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 40227231 |
| വരവ് | 402230077 |
| ആകെ | 442457308 |
| ചെലവ് | 437207121 |
| നീക്കിയിരിപ്പ് | 5250187 |

പുതുക്കിയ ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 40227231 |
| വരവ് | 397048535 |
| ആകെ | 437275766 |
| ചെലവ് | 429632975 |
| നീക്കിയിരിപ്പ് | 7642791 |

2.ബജറ്റ് രൂപീകരണം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണയിക്കപ്പെടുന്ന ചട്ടങ്ങൾക്ക് വിധേയമായിട്ടാകണം വാർഷിക ബജറ്റ് രൂപീകരിക്കേണ്ടത്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു.

3. പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല.
02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.പെർഫോമൻസ് ബജറ്റ്

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല.

## 1-2-2 പുതുക്കിയ ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ

2022-23 പുതുക്കിയ ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ

കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 72 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ, അത്തരം ചെലവ് ചെയ്യുന്നതിനു മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ആക്റ്റിലെ 214(5)-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. 2022-2023 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ബജറ്റ് പരിശോധനയിൽ ബജറ്റിൽ വകയിരുത്താതെയും വകയിരുത്തിയതിൽ കൂടുതൽ ചെലവ് ചെയ്തതായും കാണുന്നു. വിശദീകരണം ചുവടെ ചേർക്കുന്നു .

1. ബജറ്റിൽ വകയിരുത്താതെ ചെലവ് ചെയ്തതായി കാണുന്നു. ചില ഉദാഹരണം ചുവടെ ചേർക്കുന്നു

| ക്രമനം | ബജറ്റ് അക്കൗണ്ട് കോഡ് | ഇനം | AFS പ്രകാരം ചെലവഴിച്ച തുക | ബജറ്റ് പ്രകാരം വകയിരുത്തിയത് |
|---|---|---|---|---|
| 1 | 250104 | Diary Development -Storage And Marketing | 251880 | വകയിരുത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 2 | 250101 | Agriculture And Related Sectors-- Horticulture | 150000 | വകയിരുത്തിയിട്ടില്ല |
| 3 | 2511001 | Pre-primary Education | 1608943 | വകയിരുത്തിയിട്ടില്ല |
| 4 | 2511006 | SSA And Other Educational Programs | 2826750 | വകയിരുത്തിയിട്ടില്ല |

2. ബജറ്റിൽ വകയിരുത്തിയിട്ടും ചെലവു ചെയ്തതായി കാണുന്നില്ല ചില ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമനം | ബജറ്റ് അക്കൗണ്ട് കോഡ് | ഇനം | A F S പ്രകാരം ചെലവഴിച്ച തുക | ബജറ്റ് പ്രകാരം വകയിരുത്തിയത് |
|---|---|---|---|---|
| 1 | 2501032 | Animal Husbandry Goat | 0 | 897000 |
| 2 | 2501033 | Animal Husbandry -Baffalo | 0 | 160000 |
| 3 | 2502001 | Soil And Water Conservation | 0 | 1949788 |
| 4 | 2503001 | Small Scale Industries And Micro Enterprises | 0 | 960000 |

ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക്( 33/22-23, 29/09/23) ഗ്രാമ പഞ്ചായത്തുകളിൽ ബഡ്ജറ്റ് ഐ.എൽ.ജി.എം.എസ്. സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. ആയതിനായി എക്സൽ ടൂളുകളെയാണ് ആശ്രയിക്കുന്നത്. എക്സൽ ടൂളുകളിൽ പരിമിതമായ ഹെഡ്ഡുകൾ മാത്രമാണ് ലഭ്യമാകുന്നത്. ഈ സാഹചര്യത്തിൽ ടി പദ്ധതിയുമായി സാമ്യമുള്ള ഹെഡ്ഡുകളിൽ ആണ് ചേർത്തുവരുന്നതെന്നാണ് ലഭ്യമായ മറുപടി.

3. ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ വലിയ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|
| തൻവർഷം വരവ് | 397048535 | 84810199 |
| ചെലവ് | 429632975 | 65909635 |

4. വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതൽ ആയോ കുറവായോ ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാഹരണം ചുവടെ

| ക്രമനം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 1101001 | Property Tax | 18292848 | 15005193 |
| 2 | 1301001 | Rent From Buildings | 50000 | 72996 |
| 3 | 1102001 | Profession Tax | 2500000 | 3414180 |

ഇത സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (38/22, 29/09/23) തുടർ വർഷങ്ങളിൽ ഇപ്രകാരം അപാകത ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചു. ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെട്ടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ലഭ്യമായെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്.

## 1-3 ഗ്രാന്റ്

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്-ചെലവ്-നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 27265618 | 32407382 | -5141764 |
| വികസനഫണ്ട് (SCP) | 0 | 10316735 | 8609080 | 1707655 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 11807395 | 3153470 | 8653925 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 7138729 | 7138929 | -200 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 10274000 | 8314021 | 1959979 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 16281000 | 5941371 | 10339629 |
| CSS | 0 | 0 | 2276009 | -2276009 |
| SSS | 0 | 0 | 2409345 | -2409345 |

സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ട് ജനറൽ, സി.എസ്.എസ്, എസ്.എസ്.എസ്. എന്നിവയുടെ നീക്കിയിരിപ്പ് നെഗറ്റീവ് ആണ്. ആയത് വിശദീകരിക്കേണ്ടതാണ്.

### 1-3-1 വിവിധ ഫണ്ടുകളുടെ ചെലവു ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

വിവിധ ഫണ്ടുകളുടെ ചെലവു ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/സുലേഖ പ്രകാരം ചെലവ് | എ.സി.ആർ പ്രകാരം ചെലവ് | വാർഷിക ധനകാര്യ പത്രിക പ്രകാരം ( I 6+ Corresponding Capital Contribution) |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 32407382 | 27265618 | 32126463+280919 =32407382 |
| വികസന ഫണ്ട് (എസ്.സി.പി) | 8609080 | 8174815 | 8609080 |
| വികസന ഫണ്ട് ( CFC Tied) | 3153470 | 3153470 | 702993+2946470=3649463 |
| വികസന ഫണ്ട് ( CFC Untied) | 7138929 | 7138929 | 4240418+5753200 =9993618 |

| | | | |
|---|---|---|---|
| Maintenance Fund Road | 5941371 | 6454656 | 5941371 |
| Maintenance Fund Non-road | 8314021 | 8319871 | 8314021 |

ഈ വ്യത്യാസം വരാനുള്ള കാരണം വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 34/22, 29/09/23) ലഭ്യമായ മറുപടി ഇപ്രകാരമാണ് സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടുത്താതെയുള്ള തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരുന്നത്. വാർഷിക ധനകാര്യപത്രികയിൽ പഞ്ചായത്തിന് ലഭിച്ച ആകെ തുകയുടെ അടിസ്ഥാനത്തിലാണ് ചെലവുകൾ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വാർഷിക ധനകാര്യപത്രികയും എ സി ആറും പൊരുത്തപ്പെടുത്തി ഓഡിറ്റിൽ സമർപ്പിക്കേണ്ടതാണ്.

## 1-3-2 മുൻവർഷ ബാലൻസ്ഷീറ്റിൽ ബി4 ശീർഷകത്തിലുള്ള തുകകൾ അതേപടി ബാദ്ധ്യതയായി ഈ വർഷത്തെ ബാലൻസ് ഷീറ്റിൽ കാണുന്നു.

| ഹെഡ്ഡ് (2022-23 AFS B4) | ഇനം | തുക |
|---|---|---|
| 320100198 | Grant From Suchithwa Mission | 393580 |
| 320700204 | Contribution For Joint Venture Project (For Capital Contribution) From Block Panchayat | 1164284 |
| 320700205 | Contribution For Joint Venture Project (For Revenue Contribution) From Dist Panchayat | 3400 |
| 320300199 | Grants, Funds & Contrubutions For Specific Purposes—Other Govenment Agencies | 22000 |
| 320400199 | Grants, Funds & Contrubutions For Specific Purposes—Other Financial Institutions | 101516 |

ഇത് സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (28/22, 26/09/23) തുടർ വർഷങ്ങളിൽ ഇപ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയ്ക്ക് ഉൾപ്പെടെ പ്രോജക്ട് രൂപീകരിച്ച് തുക പൂർണ്ണമായും ചെലവഴിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക അവലോകനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം


| | |
|---|---|
| മുന്നിരിപ്പ് | 46151037 |
| ഓഡിറ്റ് വർഷത്തെ വരവ് | 84810199 |
| ആകെ | 130961236 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 65909635 |
| നീക്കിയിരിപ്പ് | 65051601 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 269174329/- രൂപയും ചെലവ് 262901736/- രൂപയുമാണ്.


## 1-5 പദ്ധതി ആസൂത്രണം

1)2022-23 സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ഓരോ ഇനങ്ങളിലെയും ഗ്രാന്റ് ലഭ്യത, പ്രോജക്റ്റിനായി അടങ്കൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, എന്നിവ തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| 1 | 2 | 5 | 6 |
|---|---|---|---|
| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ വിവിധ ഗവ. ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക | നീക്കിയിരിപ്പ്/ ലാപ്സ് തുക |
| വികസന ഫണ്ട് ജനറൽ | 33085000 | 32407382 | 677618 |
| വികസനഫണ്ട് (എസ്.സി.പി) | 10751000 | 8609080 | 2141920 |
| മെയിന്റനൻസ് നോൺ റോഡ് | 10274000 | 8314021 | 1959979 |
| മെയിന്റനൻസ് റോഡ് | 16281000 | 5941371 | 10339629 |
| ആകെ | 70391000 | 55271854 | 15119146 |




ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം രേഖാ ചിത്രമായി ചേർക്കുന്നു.



പദ്ധതി നിർവ്വഹണം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗ്ര.വി. ഉൾപ്പെടെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 0 | 2935690 | 2324880 | 79 |
| വെറ്ററിനറി ഉദ്യോഗസ്ഥൻ | 8 | 8 | 0 | 5727000 | 3434940 | 60 |
| മെഡിക്കൽ ആഫീസർ (ആലോപ്പതി) | 12 | 10 | 2 | 8387499 | 7320398 | 87 |
| മെഡിക്കൽ ആഫീസർ (ഹോമിയോ) | | | | | | |
| മെഡിക്കൽ ആഫീസർ (ആയുർവേദം) | 10 | 10 | 0 | 2951000 | 2928300 | 99 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 21 | 11 | 10 | 11374803 | 1932019 | 17 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 11 | 9 | 2 | 26538000 | 16636581 | 63 |
| എെ സി ഡി എസ് സൂപ്പർ വൈസർ | 13 | 13 | 0 | 9907718 | 8967017 | 91 |
| സെക്രട്ടറി | 64 | 33 | 31 | 86675952 | 19388948 | 22 |
| ഹെഡ്മാസ്റ്റർ | 3 | 3 | 0 | 2160729 | 2019095 | 93 |

| | | | | | | |
|---|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 67 | 29 | 38 | 43434442 | 13504614 | 31 |
| ഡയറി ഫാം ഇൻസ്പെക്ടർ | 3 | 3 | 0 | 4500000 | 3000140 | 67 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 1 | 1 | 160000 | 24000 | 15 |

ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 37705605 | 32407382 | 86 |
| എസ്.സി.പി. | 12079381 | 8609080 | 71 |
| ടി.എസ്.പി. | 0 | 0 | 0 |
| ധനകാര്യകമ്മിഷൻ അവാർഡ് | 17970849 | 10292399 | 57 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 5131581 | 2276009 | 44 |
| സംസ്ഥാനാവിഷ്കൃത ഫണ്ട്. | 4970000 | 2409345 | 48 |
| തനത് ഫണ്ട്. | 28652847 | 10741901 | 37 |
| ബ്ളോക്ക് പഞ്ചായത്ത് | 3191180 | 2468125 | 77 |
| മറ്റ് ജില്ലാപഞ്ചായത്ത് | 2799136 | 1656125 | 59 |
| മെയിന്റനൻസ് നോൺ റോഡ് | 12048805 | 8314021 | 69 |
| മെയിന്റനൻസ് റോഡ് | 16687888 | 5941371 | 36 |
| മറ്റുള്ളവ | 69899190 | 1386860 | 020 |
| ആകെ | 211768961 | 86784333 | 41 |

ആസൂത്രണ സമിതി

1. പതിന്നാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022/തസ്വഭവ തീയതി 19.04.2022, 3.1.1 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും നവംബർ 1ന് മുമ്പ് നിലവിലുള്ള ആസൂത്രണ സമിതികൾ ആവശ്യമെങ്കിൽ പുനസംഘടിപ്പിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 01/22, 25/09/23പ്രകാരം ലഭ്യമായ മറുപടിയിൽ ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട് എന്നറിയിച്ചു.

2. പുനസംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം മാർഗ്ഗരേഖയുടെ അനുബന്ധമായി ചേർത്തിട്ടുള്ള ഫോറം 1ൽ രേഖപ്പെടുത്തേണ്ടതും അത് തദ്ദേശഭരണ സ്ഥാപനത്തിന്റേയും ഘടക സ്ഥാപനങ്ങളുടേയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. ഇത്തരത്തിലുള്ള നടപടിക്രമം പാലിച്ചിട്ടില്ല. ആകെ 17 പേർ അടങ്ങുന്ന അംഗങ്ങളാണ് ആസൂത്രണ സമിതിയിൽ ഉൾപ്പെടുന്നത് അതിൽ വിഷയവിദഗ്ധർ ഉൾപ്പെട്ടില്ല.

3. മാർഗ്ഗ രേഖയുടെ 3.1.1 എ 7 പ്രകാരം ആസൂത്രണ സമിതി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കണമെന്നും പദ്ധതി ആസൂത്രണപ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ആവശ്യാനുസരണവും അതിനു ശേഷം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ആസൂത്രണസമിതി യോഗം ചേരണമെന്നും നിഷ്കർച്ചിട്ടുണ്ട്. കൂടാതെ മാർഗ്ഗരേഖയുടെ 3.1.1 ബി 1 മുതൽ 17വരെ പ്രതിപാദിക്കുന്ന ആസൂത്രണസമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടോയെന്ന്

ആസൂത്രണസമിതിയുടെ മിനിട്സ് പരിശോധിച്ചപ്പോൾ ലഭ്യമായ വിവരങ്ങൾ ഇപ്രകാരമാണ്. ആസൂത്രണ സമിതി 2022-23 സാമ്പത്തിക വർഷത്തിൽ ആകെ രണ്ടു പ്രാവശ്യം മാത്രമാണ് യോഗം കൂടുകയുണ്ടായത്. ആദ്യയോഗം 17/05/22- ൽ കൂടുകയുണ്ടായി. ഈ യോഗത്തിൽ 8 പേർ പങ്കെടുക്കുകയുണ്ടായി. രണ്ടാമത്തെ യോഗം 16/12/2022- കൂടുകയുണ്ടായി. ഈ യോഗത്തിൽ 6 പേർ പങ്കെടുത്തു. പ്രസ്തുത യോഗങ്ങളിൽ വിഷയതീരുമാനങ്ങൾ ഉൾപ്പെടുത്തിയ ചർച്ചയോ നിർദ്ദേശങ്ങളോ ഒന്നും തന്നെ നടന്നതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

സ.ഉ(കൈ) നം. 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 3.1.2 ബി പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, പദ്ധതി രൂപീകരണ പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്.

വർക്കിംഗ് ഗ്രൂപ്പ് മിനിട്സുകൾ പരിശോധിച്ചപ്പോൾ ലഭ്യമായ വിവരങ്ങൾ ഇപ്രകാരമാണ്.

ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന വാർഡ് സഭാ യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തര ത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)13 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും പാലിച്ചതായി വർക്കിംഗ് ഗ്രൂപ്പുകൾ മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ മിന്ട്സ് പരിശോധിച്ചപ്പോൾ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ ഉൾപ്പെട്ടതായി കാണാൻ കഴിഞ്ഞു

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | റിമാർക്സ് |
|---|---|---|---|---|
| 1 | വനിതാവികസനം | 19/05/22 | 1. തരിശു ഭൂമി കൃഷി യോഗ്യമാക്കുക<br>2. ഹരിതകർമ്മസേനയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുക<br>3. കുടുംബശ്രീ സംരംഭകർക്ക് വിപണന കേന്ദ്രം | വർക്കിംഗ് ഗ്രൂപ്പിന്റെ ഈ നിർദ്ദേശങ്ങൾ നിർവ്വഹിക്കുന്നതിനായി പദ്ധതികൾ രൂപീകരിച്ചിട്ടില്ല |
| 2 | വിദ്യാഭ്യാസം, കലയും,സംസ്കാരവും, യുവജനകാര്യം | 25/01/23 | 1. പ്രീ-പ്രൈമറി കുട്ടികൾക്ക് പോഷകഹാരം<br>2. കലാഗ്രാമത്തിന്റെ പ്രവർത്തനം കൂടുതൽ പ്രവർത്തനക്ഷമമാക്കുക | വർക്കിംഗ് ഗ്രൂപ്പിന്റെ ഈ നിർദ്ദേശങ്ങൾ നിർവ്വഹിക്കുന്നതിനായി പദ്ധതികൾ രൂപീകരിച്ചിട്ടില്ല |
| 3 | പൊതുഭരണവും ധനകാര്യവും | 19/12/23 | 1. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുക<br>2. കരകുളത്ത് MCFവാങ്ങുന്നതിനുള്ള നിർദേശം. | ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 4 | കുടിവെള്ളം, ശുചിത്വം | 19/05/22 | 1. പൊതു കിണറുകൾ, പൊതുകുളങ്ങൾ എന്നിവ ശുചികരിക്കുക<br>2. ജലജീവൻ പദ്ധതി ത്വരിതപ്പെടുത്തുക<br>3. ജൈവ മാലിന്യസംസ്കരണം ശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കുക | ജലജീവൻ പദ്ധതി, ജൈവ മാലിന്യസംസ്കരണം എന്നിവയ്ക്ക് പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ പൊതുകുളങ്ങൾ, പൊതുകിണറുകൾ ശുചികരിക്കുക എന്നിവയ്ക്ക് പദ്ധതി രൂപീകരിച്ചിട്ടില്ല. |
| 5 | ആരോഗ്യം | 19/12/22 | 1.ആയുർവേദ മരുന്ന് വാങ്ങാൻ അധിക തുക അനുവദിക്കണം<br>2. പകർച്ച വ്യാധി നിയന്ത്രിക്കുക, ലഹരി വിരുദ്ധ ബോധവൽക്കരണക്ളാസ്സ്. | പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട് |

സ്റ്റാറ്റസ് റിപ്പോർട്ട്

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നടപടികൾ പദ്ധതികൾ മുഖേനെ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | റിമാർക്സ് |
|---|---|---|---|---|
| 1 | മൃഗസംരക്ഷണവും ക്ഷീരവികസനവും | ഗുരുതരം | ഉയർന്ന ഉൽപാദന ചെലവ് | തീറ്റയുടെ വിലകയറ്റം, പുല്ലിന്റെ ലഭ്യതക്കുറവ്. പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. |
| | | | മാലിന്യ നിക്ഷേപം | വളക്കുഴി നിർമ്മാണം. പദ്ധതി രൂപീകരിച്ചിട്ടില്ല |
| 2 | പൊതുമരാമത്ത് | ഗുരുതരം | നിലവിലുള്ളതും നാളിതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാത്ത പാതകൾ, തടങ്ങൾ എന്നിവയുടെ നിർമ്മാണം | പദ്ധതി രൂപീകരിച്ചിട്ടില്ല |
| 3 | വനിതാവികസനം | ഗുരുതരം | ജാഗ്രതാ സമിതിയുടെ പ്രവർത്തനം വിപുലപ്പെടുത്തുക | ജാഗ്രതാ സമിതിയുടെ പ്രവർത്തനം മെച്ചപ്പെടുന്നു |
| 4 | പട്ടിക ജാതി വികസനം | ഗുരുതരം | കുടിവെള്ള ക്ഷാമം, തൊഴലില്ലായ്മ, സങ്കേതങ്ങളിലെ അമ്മമാർക്കും | പദ്ധതികൾ ഒന്നും രൂപീകരിച്ചിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | കുഞ്ഞുങ്ങൾക്കും പോഷകാഹാര ആരോഗ്യ പ്രശ്നം | |
| 5 | കുടിവെള്ളം, ശുചിത്വം | ഗുരുതരം | മാലിന്യസംസ്കരണം, കുടിവെള്ള ലഭ്യത കുറവ് | പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. |

ഗ്രാമസഭകൾ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1 (1) പ്രകാരം വികസനപരിപ്രേക്ഷ്യവും കരട് പ്രോജക്റ്റ് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്റ്റ് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്.

ഗ്രാമസഭാമിനിട്സുകൾ പരിശോധിച്ചതിൽ അത്തരത്തിലുള്ള നിബന്ധനകൾ ഇല്ലാത്തതായി കാണുന്നു

2022-23 വർഷത്തെ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭാ യോഗങ്ങളുടെ മിനിട്സ് പരിശോധിച്ചതിൽ, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, 1995 ലെ കേരളാ പഞ്ചായത്ത് രാജ് (ഗ്രാമസഭകളുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണമായും പാലിക്കാതെയാണ് പല ഗ്രാമസഭാ യോഗങ്ങളും നടത്തിയിരിക്കുന്നതെന്ന് കാണുന്നു.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3 (3) പ്രകാരം ഗ്രാമസഭ കുറഞ്ഞ പക്ഷം 3 മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.

1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2) അനുശാസിക്കും പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഭരണസമിതി എടുത്ത തീരുമാനങ്ങളുടെ പകർപ്പ് സഹിതം ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കണമെന്നുണ്ട് എന്നാൽ ആ നിർദ്ദേശം പാലിച്ചിട്ടില്ല. ഗ്രാമസഭ മിനിട്സ് പൂർണമാക്കി കൺവീനറും കോ-ഓർഡിനേറ്ററും സാക്ഷ്യപ്പെടുത്തണം അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ഗ്രാമ സഭകൾ കൃത്യമായ ഇടവേളകളിൽ യോഗം ചേർന്നിട്ടില്ല. എല്ലാ വാർഡുകളിലെയും ഗ്രാമസഭാ യോഗം വർഷത്തിൽ മൂന്ന് പ്രാവശ്യം മാത്രമേ നടന്നതായി കാണുന്നുള്ളൂ.

## 1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4569000 | 192 |
| വിധവാ പെൻഷൻ | 52206200 | 2422 |
| വാർദ്ധക്യകാല പെൻഷൻ | 46852300 | 4530 |
| വികലാംഗ പെൻഷൻ | 13145000 | 590 |
| വിവാഹ ധനസഹായം | 150000 | 5 |
| തൊഴിൽ രഹിത വേതനം | 5760 | 5 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2197600 | 100 |

### 1-6-1 റബർ സബ്സിഡി കൈപ്പറ്റുന്ന പെൻഷൻ ഗുണഭോക്താക്കൾ- വിശദ പരിശോധന നടത്തിയിട്ടില്ല.

2 ഏക്കറിൽ കൂടുതൽ ഭൂമിയുള്ള റബർ സബ്സിഡി കൈപ്പറ്റുന്ന പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ ഒരു മാസത്തെ നോട്ടീസ് നല്കി റദ്ദ് ചെയ്യണമെന്ന് ധനകാര്യവകുപ്പിന്റെ 16.04.2022 ലെ 1174016/ എസ്.എഫ്.സി ബി2/2019 നമ്പർ ഉത്തരവുണ്ട്. മേൽ ഉത്തരവു പ്രകാരം താഴെ ചേർക്കുന്ന വ്യക്തികൾ റബർ സബ്സിഡി കൈപ്പറ്റുന്നവരും നിലവിൽ സാമൂഹ്യസുരക്ഷാപെൻഷൻ കൈപ്പറ്റുന്നവരുമാണ്.

| പെൻഷൻ ഇനം | ഗുണഭോക്താവിന്റെ പേര് | പെൻഷനർ ഐഡി | പെൻഷൻ സ്റ്റാറ്റസ് |
|---|---|---|---|
| ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ഗോപിനാഥൻനായർ സി | 102660202559 | ആക്ടീവ് |
| ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | കൃഷ്ണൻകുട്ടി | 102660202052 | ആക്ടീവ് |
| ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ശശിധരൻ നായർ | 102660205797 | ആക്ടീവ് |
| ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | വിജയലക്ഷ്മി ഒ | 102660602548 | ആക്ടീവ് |

മേൽ ഗുണഭോക്താക്കൾ 2 ഏക്കറിൽ കൂടുതൽ ഭൂമിയുള്ളവരാണോയെന്ന് പരിശോധന നടത്തി തുടർനടപടി സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ അറിയിക്കാനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( 32/ 27.09.2023) തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-6-2 വാർധക്യകാല പെൻഷൻ വിതരണത്തിലെ അപാകത

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ്‌വെയറും പഞ്ചായത്തിലെ മരണ റിപ്പോർട്ടുകളും പരിശോധിച്ചപ്പോൾ ഗുണഭോക്താവിൻറെ മരണശേഷവും ഏതാനും മാസങ്ങൾ വാർധക്യ കാല പെൻഷൻ തുക അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറിയിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്, പെൻഷൻ ഐഡി | മരണം നടന്ന തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | അവസാനം പെൻഷൻ കൈമാറിയ തീയതി | അധികം കൈമാറിയ തുക |
|---|---|---|---|---|---|
| 1 | ചന്ദ്രിക കുമാരി, 102660202313 | 15.05.2022 | 26.05.2022 | 08/2022 | 4800/- |
| 2 | ജയകുമാർ ആർ, 102660203263 | 19.03.2022 | 26.05.2022 | 02/2023 | 17600/- |
| 3 | ബി കമലമ്മ, 102660200489 | 23.05.2022 | 20.06.2022 | 02/2023 | 14400/- |
| 4 | റോഷിനി എൽ, 102660400486 | 31.05.2022 | 17.06.2022 | 08/2022 | 4800/- |
| 5 | രത്നമ്മ കെ, 102660600381 | 31.05.2022 | 10.06.2022 | 02/2023 | 14400/- |
| 6 | ലളിതമ്മ ബി, 102660200971 | 23.05.2022 | 09.06.2022 | 02/2023 | 14400/- |
| 7 | തങ്കപ്പൻ പിള്ള ആർ, 102660200959 | 17.05.2022 | 06.06.2022 | 02/2023 | 14400/- |

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (53/2023, 03.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മരണപ്പെട്ട വ്യക്തികളുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനും അധികമായി കൈമാറിയ പെൻഷൻ തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.10..2023, 2.17 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 56840/-രൂപ ( അമ്പത്തി ആറായിരത്തി എണ്ണൂറ്റി നാല്പത് ) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ജീവനക്കാർക്ക് ജോലി വിഭജനം നടത്തിക്കൊണ്ടുള്ള ഓഫീസ് ഉത്തരവ് ക്രമപ്പെടുത്തുന്നതിൽ ജാഗ്രത പുലർത്തുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് സംവിധാനം നല്ലരീതിയിൽ പ്രവർത്തിക്കുന്നു.

കെട്ടിടനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് മുൻവർഷങ്ങളിൽപരാമർശിച്ചിട്ടുള്ള അപാകങ്ങൾ പരിഹരിച്ചിട്ടില്ല.

വാർഷിക കണക്കുകൾ അപാകതകൂടാതെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

തൊഴിൽ നികുതി, സ്ഥാപന തൊഴിൽ എന്നിവ യഥാസമയം ഈടാക്കേണ്ടതാണ്.
ക്ഷേമപദ്ധതികളുടെ വിതരണത്തിൽ ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

## 1-9 ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

പൊതു അവലോകനം

അവിദഗ്ധമേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തിക്കൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്ത്വവും ഉറപ്പ് വരുത്തുക, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

### 1-9-1 MGNREGS- വരവ് ചെലവ് കണക്കുകൾ

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | വരേണ്ട നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ഭരണചെലവുകൾ | 2989 | 1136258 | 1139247 | 1128559 | 5570 | 10688 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 33139565 | 33139565 | | | |
| ആകെ | | 34275823 | 34278812 | | | |

# നീക്കിയിരിപ്പ് തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

### 1-9-2 അടിസ്ഥാന വിവരങ്ങൾ

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന കാര്യങ്ങൾക്ക് 2022-23 സാമ്പത്തിക വർഷം അടിസ്ഥാനപ്പെടുത്തി ആഡിറ്റ് എൻക്വയറി (23/22, 26/09/23) പ്രകാരം വിവരങ്ങൾ ലഭ്യമാക്കി.

| | |
|---|---|
| 2022-22 സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | കുടുംബം- 248<br>അംഗങ്ങൾ --307 |
| പുതുതായി തൊഴിൽ കാർഡ് എടുത്തവർ ഉൾപ്പെടെ ആകെ തൊഴിലാളികളുടെ എണ്ണം | കുടുംബം- 1395<br>തൊഴിലാളികൾ --1454 |
| 2022-23 സാമ്പത്തിക വർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുബങ്ങളുടെ എണ്ണം | കുടുംബം- 1646<br>തൊഴിലാളികൾ |

| | |
|---|---|
| | --1721 |
| 100 തൊഴിൽ ദിനം ലഭിച്ചവരുടെ എണ്ണം | 510 |
| ഗ്രാമ പഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 420 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 420 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 23 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമ സഭകളുടെ എണ്ണം | 46 |
| വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 253 |
| അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 253 |
| തൻവർഷം പൂർത്തീകരിച്ച പുതിയ പദ്ധതികളുടെ എണ്ണം | 149 |
| തൻവർഷം പൂർത്തീകരിച്ച സ്പിൽ ഓവർ പദ്ധതികളുടെ എണ്ണം | 80 |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | 0 |
| തൻവർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 89675 |
| പരാതി രജിസ്റ്റർ പരിപാലനം (ഉണ്ട്/ ഇല്ല) | ഉണ്ട് |
| ആസ്തി രജിസ്റ്റർ (ഉണ്ട്/ ഇല്ല) | ഉണ്ട് |
| ലേബർ കമ്പോണന്റ് ഇനത്തിലെ ആകെ ചെലവ് | 28152531 |
| മെറ്റീരിയൽ കമ്പോണന്റ് ഇനത്തിലെ ആകെ ചെലവ്<br>സ്കിൽഡ്/സെമി സ്കിൽഡ് --632357<br>മെറ്റീരിയൽ --3221000 | 3853357 |
| പൂർത്തീകരിച്ച സ്ഥിര ആസ്തികളുടെ വിവരം /മൂല്യം | |
| 22-23-ൽ നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണവും ചെലവഴിച്ച തുകയും | 32005888<br>165 |
| തുടർച്ചയായി 3 വർഷത്തിലധികമായി മേറ്റായി/കൺവീനർമാരായി പ്രവർത്തിക്കുന്നവരുടെ എണ്ണം | 17 |

## 1-9-3 തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് T D S ഈടാക്കിയിട്ടില്ല

2022-23 സാമ്പത്തിക വർഷത്തിൽ മെറ്റീരിയൽ വിതരണത്തിൽ തുക അനുവദിച്ചിട്ടുള്ളത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | വർക്ക് കോഡ് | വർക്കിന്റെ പേര് | എസ്റ്റിമേറ്റ് കോസ്റ്റ് | ആകെ ചെലവ് |
|---|---|---|---|---|
| കരയാളത്തുകോണം | RC/298218 | കരയാളത്തുകോണം വാർഡിലെ പനവിളാകം നമ്പാട് തോട് റീട്ടെയ്ൽ വാൾ നിർമ്മാണം | 800000 | 697881/- |

| | | | | |
|---|---|---|---|---|
| കല്ലയം | RC/298220 | കല്ലയം വാർഡിലെ കളിയൽ നമ്പാട് കുളത്തുകാൽ പള്ളി മൺറോഡ് വശഭിത്തി കെട്ടി കോൺക്രീറ്റ് നിർമ്മാണം | 900000 | 709934 |
| കല്ലയം | RC/298223 | കല്ലയം വാർഡിലെ അപ്പൂസ് മൺറോഡ് പുനർ നിർമ്മിച്ച് വശഭിത്തി കെട്ടി കോൺക്രീറ്റ് നിർമ്മാണം | 675000 | 563598 |
| ഏണിക്കര | RC/320707 | ശ്രീധരൻ നായർ ലെയ്ൻ നടപ്പാത കോൺക്രീറ്റ് | 490000 | 418338 |
| മരുതൂർ | RC/320164 | മരുതൂർ വാർഡിലെ ഏലാ ഹൈത്തിക്കോണം മൺറോഡ് കോൺക്രീറ്റ് | 700000 | 295498 |

ഓരോ പ്രവർത്തിയുടെയും ബിൽ പാസാക്കുമ്പോൾ 2% GST TDS ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടിയിരുന്നു. ഇപ്രകാരം തുക ഈടാക്കുന്നത് സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (43/22, 30/09/23) TDS ഈടാക്കിയിട്ടില്ലായെന്നാണ്. ആയതിനാൽ ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് TDS ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22/11/2021 | 01/01/21 To 31/01/21 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20/02/2020 | 2014 -2015 To 2018-19 വരെ | 04/05/2020 |

## 1-11 വസ്തുനികുതി ഈടാക്കിയതിലെ അപാകത

കെട്ടിട നമ്പർ : 5/667E

ഉടമസ്ഥന്റെ പേര്: കോശി കെ ഉമ്മൻ & ടിന്റു മേരി ജോസഫ്

വാർഡ്: 5-വേങ്ങോട്

ഉപയോഗക്രമം - പാർപ്പിടാവശ്യം

എൽ.എസ്.ജി.ഡി.എ.ഇ. യുടെ റിപ്പോർട്ട് പ്രകാരവും, കംപ്ലീഷൻ ഡ്രോയിംഗ് പ്രകാരവും പുതുതായി നിർമ്മിച്ച ടി കെട്ടിടത്തിന്റെ ആകെ ബിൽറ്റ് അപ്പ് വിസ്തീർണം 191.82 ച. മീ (താഴത്തെ നില: 97 ച മീ., ഒന്നാം നില : 94.82 ച മീ.) ആണ്. 8 രൂപ നിരക്കിൽ അടിസ്ഥാന വസ്തുനികുതി 1535/- രൂപ ഈടാക്കേണ്ടതാണ്. എന്നാൽ അസസ്മെന്റ് അപേക്ഷ ഫോറം പരിഗണിച്ച് വസ്തുനികുതി കണക്കാക്കിയിരിക്കുന്നത് 172.5 ച. മീ വിസ്തീർണത്തിനു മാത്രമാണ് (1380/-രൂപ).

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (42/23, 29.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതിയിലെ ബാക്കി തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-11-1 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തു നികുതി ഈടാക്കിയതിലെ അപാകത

കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011 ചട്ടം 3 പ്രകാരം ഒരേ കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾക്ക് വ്യത്യസ്ത കെട്ടിട നമ്പർ നൽകി ഓരോ ഭാഗത്തെയും പ്രത്യേക കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിക്കാവുന്നതാണ്. കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ആവശ്യത്തിനായി നീക്കി വെച്ചാൽ ആ ഭാഗത്തിന്റെ തറവിസ്തീർണം ആനുപാതികമായി മറ്റുഭാഗങ്ങളുടെ തറവിസ്തീർണത്തോട് കൂട്ടിച്ചേർത്ത് നികുതി നിർണയിക്കാം.

കെട്ടിട നിർമാണപെർമിറ്റിനുള്ള അപേക്ഷയും സഞ്ചയ സോഫ്റ്റ്‌വെയറും പരിശോധിച്ചതിൽ വാർഡ് 3 ലെ സലികുമാർ & സുജാംബിക എന്നിവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിന് വേണ്ടി നിർമിച്ച കെട്ടിടത്തിന്റെ താഴത്തെ നിലയിലെ മൂന്ന് ഭാഗങ്ങൾക്ക് വെവ്വേറെ കെട്ടിടനമ്പർ നൽകി ഒക്യുപെൻസി അനുവദിച്ചിട്ടുണ്ട്. 10.32 ച മീ തറവിസ്തീർണമുള്ള സ്റ്റെയർ റൂമിൻറെ തറവിസ്തീർണം മറ്റ മൂന്ന് ഭാഗങ്ങളോട് കൂട്ടിച്ചേർത്ത് 60 രൂപ നിരക്കിൽ നികുതിനിർണയം നടത്താനാണ് എ ഇ റിപ്പോർട്ട് പ്രകാരം അനുമതി ഉള്ളത്. എന്നാൽ നികുതി ഈടാക്കിയതിൽ അപാകതയുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | സ്റ്റെയർ റൂമിന്റെ തറവിസ്തീർണം അടക്കമുള്ള ആകെ തറവിസ്തീർണം (ച മീ) | ഈടാക്കേണ്ട വസ്തുനികുതി (രൂപ) | നിലവിൽ വസ്തുനികുതി ഈടാക്കിയ തറവിസ്തീർണം (ച മീ) | നിലവിൽ ഈടാക്കിയ വസ്തുനികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|
| 429B- ഷോപ്പ് I | 30.0+ 3.44= 33.44 | 2529/- | 30 | 2268/- | 261/- |
| 429C-ഷോപ്പ് II | 30.60+ 3.44= 34.04 | 2575/- | 30.6 | 2315/- | 260/- |
| 429D- റൂം | 12.22+ 3.44= 15.66 | 1185/- | 12.22 | 924/- | 261/- |
| ആകെ | | 6289/- | | 5507/- | 782/- |

( വഴി സൗകര്യം പരിഗണിച്ചുള്ള 20% വർധനവും G.O. No.77/2023/LSGD( 07/04/2023) ഉത്തരവ് പ്രകാരമുള്ള 5% വർധനവും ഉൾപ്പെടുത്തിയാണ് വസ്തുനികുതി കണക്കാക്കിയിട്ടുള്ളത്.)

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (42/23, 29.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതിനിർണയത്തിലെ അപാകത പരിഹരിച്ച് കുറവ് വന്ന തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11-2 സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്നതിൽ വ്യക്തതയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (2) (A) , 2011 ലെ വസ്തു നികുതി ചട്ടങ്ങളിലെ ചട്ടം 4(1), 5 എന്നിവ പ്രകാരം കെട്ടിടങ്ങളെ വിവിധ വിഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ വിഭാഗങ്ങളിൽപ്പെട്ട സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാവുന്ന കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന നികുതി സർക്കാർ നിശ്ചയിച്ച് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1)സർക്കാർ പുറപ്പെടുവിക്കുന്ന പുതിയ ഉപയോഗക്രമങ്ങൾക്കുള്ള നികുതി നിർണ്ണയ വിജ്ഞാപനങ്ങൾ പ്രകാരമുള്ള അടിസ്ഥാന നികുതി നിരക്ക് അതത് സ്ഥാപനങ്ങൾ നിശ്ചയിച്ച് ഭരണസമിതി തീരുമാനമെടുത്ത് സഞ്ചയയിൽ ചേർക്കേണ്ടതാണ്. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങൾക്കനുസൃതമായി വസ്തു നികുതി നിർണ്ണയം നടത്തിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കാനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (29/27.09.2023) അടിസ്ഥാന നികുതി നിരക്ക് നിശ്ചയിച്ച് ഭരണസമിതി തീരുമാനമെടുത്ത് സഞ്ചയയിൽ ചേർത്തിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു.

2)എസ്.ആർ.ഒ നം. 100/2015 (സ.ഉ(അ)നം. 36/2025/lsgd Dated 24.02.2015 ) പ്രകാരം സ്വകാര്യ ഹോസ്റ്റൽ/ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൌണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതുമായ , ഓഡിറ്റോറിയം,കാന്റീൻ, വർക്ക് ഷോപ്പ്, എം.എസ്. എം.ഇ വ്യവസായ യൂണിറ്റുകൾ, ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ എന്നീ വിഭാഗങ്ങളിലെ കെട്ടിടങ്ങൾക്ക് കൂടിയതും കുറഞ്ഞതുമായ വസ്തുനികുതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലുള്ള നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 29/27.09.2023) സഞ്ചയയിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ IKM സോഫ്റ്റ്‌വെയർ വഴി ചെയ്തിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. സഞ്ചയ

പരിശോധിച്ചതിൽ ഈ ഗണത്തിൽപെട്ട സ്ഥാപനങ്ങളൊന്നും തന്നെ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. മേൽ പരാമർശിച്ച ഉപയോഗക്രമത്തിലെ കെട്ടിടങ്ങൾ പഞ്ചായത്ത് പരിധിയിൽ ഉണ്ടോയെന്ന് പരിശോധിച്ച് സർക്കാർ ഉത്തരവുപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

3). സ.ഉ(അ) നം. 53/2020/lsgd Dated 8.9.2020 പ്രകാരം പുറപ്പെടുവിച്ച് വിജ്ഞാപനപ്രകാരമുള്ള റസിഡൻഷ്യൽ ഹോം സ്റ്റേകൾക്കുള്ള നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (29/27.09.2023) സഞ്ചയയിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ IKM സോഫ്റ്റ്വെയർ വഴി ചെയ്തിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ നിശ്ചയിച്ച നിരക്കിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4) സർക്കുലർ നം. RB3/178/2020/lsgd Dated 20.6.2022 പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളുടെ അധികാരപരിധിയിലുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വാണിജ്യമോ, വാസഗൃഹമോ എപ്രകാരമുള്ള കെട്ടിടങ്ങളായാലും അവയ്ക്ക് കേരളപഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ട സ്ഥലം മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി കെട്ടിയടച്ച് ഷെഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തി ഉപയോഗിക്കുക അതുവഴി പാർക്കിംഗ് ഏരിയ , റോഡിൽ നിന്നുള്ള അകലം എന്നിവ ഇല്ലാതാക്കുക തുടങ്ങിയ ക്രമവിരുദ്ധമായ നടപടികൾ തദ്ദേശഭരണസെക്രട്ടറിമാർ കർശനമായി നിരീക്ഷിക്കണമെന്നും അതോടൊപ്പം അപ്രകാരമുള്ള അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനും അഥവാ ഇത്തരത്തിലുള്ള നിർമ്മാണം നടത്തിയതായി ശ്രദ്ധയിൽവരുന്ന പക്ഷം ആയത് പൊളിച്ചു നീക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം ഉള്ള അനധികൃതനിർമ്മാണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (29/27.09.2023) നിലവിൽ അനധികൃത നിർമ്മാണങ്ങൾ ഒന്നും തന്നെയില്ലായെന്നും അനധികൃത നിർമ്മാണങ്ങൾ ശ്രദ്ധയിൽപ്പെട്ട സമയം ശക്തമായ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ സഞ്ചയ പരിശോധിച്ചതിൽ 21 കെട്ടിടങ്ങൾ അനധികൃത കെട്ടിടങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനപ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തു നിർണ്ണയിക്കുന്നതിൽ വീഴ്ച വരുത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11-3 സേവന ഉപനികുതി സാധ്യത പരിശോധിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവ് വിളക്കുകൾ , ഡ്രെയിനേജ് മുതലായവ) ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/25.09.2023) സേവന ഉപനികുതി ചുമത്തുന്നതിന് കമ്മിറ്റി തീരുമാനിച്ചിട്ടില്ലെന്നാണ് മറുപടി നൽകിയിരിക്കുന്നത്.. 2011 ലെ കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26,27,28 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം , ജലവിതരണം തെരുവു വിളക്കുകൾ, ഡ്രെയിനേജ് എന്നിങ്ങനെയുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. തനത് വരുമാനം വർധിപ്പിക്കുന്നതിന് സേവന ഉപനികുതിയുടെ സാധ്യത പരിശോധിക്കാവുന്നതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ടി വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-12 തൊഴിൽ നികുതി കുറവ് ഈടാക്കിയിരിക്കുന്നു

ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷം ഈടാക്കിയ തൊഴിൽ നികുതി ഈടാക്കേണ്ടിയിരുന്ന നിരക്കുകളേക്കാൾ കുറവാണെന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരൻറെ പേര് | സ്ഥാപനത്തിൻറെ പേര് | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം (രൂപ) | ഈടാക്കിയ തുക (രൂപ) | ഈടാക്കേണ്ട തുക (രൂപ) |
|---|---|---|---|---|---|
| കൃഷ്ണമ്മ ബി | ഗവ.എൽ.പി.എസ്. മുക്കോലക്കൽ | ഒന്നാം പാദം | 111774/- | 750/- | 1000/- |

| | | | | | |
|---|---|---|---|---|---|
| കൃഷ്ണമ്മ ബി | ഗവ.എൽ.പി.എസ്. മുക്കോലക്കൽ | രണ്ടാം പാദം | 117836/- | 750/- | 1000/- |
| ശ്രീലക്ഷ്മി എസ് എസ് | പോസ്റ്റ്മാസ്റ്റർ വട്ടപ്പാറ | രണ്ടാം പാദം | 136795/- | 1000/- | 1250/- |

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്( 19/23, 26.09.2023) കൃഷ്ണമ്മ ബി രണ്ട് അർദ്ധവർഷത്തിലെയും കുറവ് വന്ന തുക 500/- രൂപയും പിഴയും 27.09.2023 ന് രസീത് നമ്പർ 1230102409 പ്രകാരം ഒടുക്കിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ശ്രീലക്ഷ്മി എസ്എസ് എന്ന വ്യക്തിയുടെ തൊഴിൽ നികുതിയിൽ അവശേഷിക്കുന്ന തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-12-1 സ്ഥാപന തൊഴിൽ നികുതി കുറവ് ഈടാക്കിയിരിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം സ്ഥാപനങ്ങൾ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി അടയ്ക്കേണ്ടതാണ്.
കരകുളം ഗ്രാമ പഞ്ചായത്തിൽ മുത്തൂറ്റ് ഫിൻ കോർപ്പ് മുക്കോല എന്ന സ്ഥാപനം 2022-23 വർഷം ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിലും, സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (20/2023, 26.09.2023) രണ്ട് അർദ്ധവർഷത്തിലെയും സ്ഥാപനനികുതി 1250/- രൂപ വീതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-13 ഓഡിറ്റോറിയം/കല്ല്യാണമണ്ഡപം -ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ എന്നിവിടങ്ങളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

| ക്രമ നം | കെട്ടിട നം | പേര് |
|---|---|---|
| 1. | 1/271/I,J,K | Karunesu Vilasam |
| 2. | 1/591 | Muraleedharan Nair |
| 3. | 5/667/A | Roy Peter, Living Space Pvt |
| 4. | 8/882/B | Veluthampi Memmorial NSS Karayogam |
| 5. | 10/49C | MAK Auditorium, Abdul Kareem |
| 6. | 12/70 | SNDP Hall |
| 7. | 13/125/A | Smash Hit Badminton Court |
| 8. | 19/296/P | Nirmalyam Auditorium |
| 9. | 22/369/A | Vrindhavanam |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 3/25.09.2023) തൻവർഷം ലൈസൻസ് എടുത്തിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-13-1 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ -അപാകതകൾ

A)പഞ്ചായത്തിന്റെ പരിധിയിലെ ഓരോ വാർഡിലും എത്ര വ്യാപാര സ്ഥാപനങ്ങൾ നിലവിലുണ്ടെന്നും മുഴുവൻ വ്യാപാര സ്ഥാപനങ്ങളിൽനിന്നും നികുതി ഈടാക്കിയിട്ടുണ്ടോയെന്നും കൃത്യമായി പരിശോധിക്കുന്നതിനായി വ്യാപാര സ്ഥാപനങ്ങളുടെ 2022-23 സാമ്പത്തിക വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.

B)ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻകടകൾ ക്ക് 2022-23 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചു നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

C)2017-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത്രാജ് ആക്ട് വകുപ്പ് 232-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ.(പി)നം. 80/2017 /തസ്വഭവ പ്രകാരം കേരള പഞ്ചായത്ത്രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം

ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകണ മെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും, പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉല്പാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ കൃത്യമായി അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തുകയോ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിക്കുകയോ ചെയ്തതായി കാണാൻ കഴിഞ്ഞില്ല. ഇപ്രകാരം ലൈസൻസ് അനുവദിച്ചിട്ടുള്ള ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | ലൈസൻസിയുടെ പേര് | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|---|
| 9 | രജീഷ് ആർ.ജെ | ഇലക്ട്രിക് വയർ- Stock And Distributions |
| 1 | ജേക്കബ് മാത്യൂ | പലചരക്ക് |
| 8 | ജ്യോതി കുമാർ.ബി | പ്രൊവിഷൻ സ്റ്റോർ |
| 20 | റെജിമോൾ ബാബു | ബ്യൂട്ടി പാർലർ |
| 19 | വില്യം ദാസ് | വർക്ക് ഷോപ്പ് |

D)ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ 822 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമായ വാണിജ്യ കെട്ടിടങ്ങളുടെ എണ്ണവും 2022-23 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ അന്തരം നിലനിൽക്കുന്നുമുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ ഉപയോഗക്രമം | കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 1674 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 179 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 23 |
|  | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 135 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ , പെട്ടികടകൾ , കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 268 |
| 5 | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 21 |

| | | |
|---|---|---|
| | ആകെ | 2300 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (4/26.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ ലൈസൻസു കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 വാടക കൃത്യമായി ഈടാക്കുന്നില്ല.

വാടകരജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കടമുറിയുടെ വാടക 2022-23വർഷം ഈടാക്കിയതായി കാണുന്നില്ല.

| കടമുറി | വാടകക്കാരൻ | മാസവാടക |
|---|---|---|
| Room No. II | മാനേജർ, കരകുളം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 1460 |

വാടകകുടിശ്ശിക വരുത്തിയതിനാൽ നോട്ടീസ് നൽകിയെങ്കിലും തുക അടച്ചില്ലായെന്നും പിഴപ്പലിശ സഹിതം കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി 8/25.09.2023) വാടകകുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-15 ഹരിത കർമസേനക്ക് വാഹനം വാങ്ങൽ പദ്ധതി-അപാകങ്ങൾ

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 66/22-23 | |
| പേര് | ഹരിത കർമസേനക്ക് വാഹനം വാങ്ങൽ | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട്,ധനകാര്യ കമ്മിഷൻ അവാർഡ് | 270000 | 269763 |
| തനത് ഫണ്ട് | 630000 | 629447 |
| ആകെ | 900000 | 899210 |

ഹരിത കർമസേനക്ക് ഇലക്ട്രിക് വാഹനം വാങ്ങുന്നതിലേക്കായി ജെം പോർട്ടലിൽ മുഖേന ഒണീറോ ഡിജിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും അക്സസറീസ്, ഇൻഷ്വറൻസ് ഉൾപ്പെടെ ആകെ 899210 രൂപക്ക് രണ്ട് Piaggio Ape E-Xtra FX DAC ഇലക്ട്രിക് ഓട്ടോറിക്ഷകൾ വാങ്ങിയിട്ടുണ്ട്. ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്ററുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള 14/07/2021 ലെ 123/DSM/TVPM/2021 നമ്പർ കത്തിൽ ഇലക്ട്രിക് വാഹനത്തിന്റെ ആകെ തുക 450000 രൂപയിൽ പരിമിതപ്പെടുത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.രണ്ട് വാഹനങ്ങൾ വാങ്ങാനുണ്ടായ സാഹചര്യം വ്യക്തമാക്കാനും വാഹനങ്ങളുടെ ലോഗ് ബുക്കുകൾ ഹാജരാക്കാനുമായി ഓഡിറ്റ് അന്വേഷണം നം .60/04.10.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയോ ലോഗ് ബുക്കുകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. വാഹനങ്ങളുടെ ലോഗ് ബുക്കുകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതും രണ്ട് ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതുമാണ്.

## 1-16 പഠനമുറി-സ്പിൽ ഓവർ പദ്ധതി -പ്രവൃത്തി പൂർത്തിയാക്കിയില്ല

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി | |
| പ്രോജക്ട് നമ്പർ | 72/22-23 | |
| പേര് | പഠനമുറി | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട്, പൊതു വിഭാഗം | 351500 | 250000 |

| | | |
|---|---|---|
| സാധാരണ വിഹിതം | | |
| തനത് ഫണ്ട് | 48500 | 48500 |
| ആകെ | 400000 | 298500 |

മേൽ പദ്ധതിയിൽ സൂരജ്.എസ്.എസ്, S/o സന്തോഷ്കുമാർ എന്ന ഗുണഭോക്താവ് പദ്ധതി തുകയുടെ രണ്ട് ഗഡുക്കളായി ആകെ 100000/-രൂപ (50000/- രൂപ തീയതി.24.11.2021, 50000/- രൂപ തീയതി.10.02.2022) കൈപ്പറ്റിയെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല എന്ന് ഫയൽ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഗുണഭോക്താവും പഞ്ചായത്തും തമ്മിലുള്ള എഗ്രിമെന്റിൽ ആദ്യ ഗഡു കൈപ്പറ്റി 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രവൃത്തി പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം നം.46/30.09.2023 നുള്ള മറുപടിയിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്നും ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണെന്നും അറിയിച്ചിട്ടുണ്ട്. സ്ഥല പരിശോധന നടത്തി പ്രവൃത്തി പൂർത്തിയാക്കാനായി നിർദ്ദേശം നൽകേണ്ടതും പ്രവൃത്തി തുടരുന്നില്ലെങ്കിൽ കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 കുടിവെള്ളവിതരണത്തിനായി വാട്ടർ അതോറിറ്റിക്ക് സ്ഥലം വാങ്ങൽ പദ്ധതി -വാങ്ങിയ സ്ഥലത്തിന് തണ്ടപ്പേർ പിടിച്ച് കരം ഒടുക്കിയില്ല.

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| പ്രോജക്ട് നമ്പർ | 37/22-23 | |
| പേര് | കുടിവെള്ളവിതരണത്തിനായി വാട്ടർ അതോറിറ്റിക്ക് സ്ഥലം വാങ്ങൽ | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട്,ധനകാര്യ കമ്മീഷൻ അവാർഡ് | 2676707 | 2676707 |
| തനത് ഫണ്ട് | 900000 | 173293 |
| ആകെ | 3576707 | 2850000 |

കരകുളം വില്ലേജിൽ ബ്ലോക്ക് 34,റീസർവെ നമ്പർ 733/19 ൽ പെട്ട 02 ആർ 02 ച.മീ വസ്തു,കരകുളം വില്ലേജിലെ ബ്ളോക്ക് 34 റീസർവെ നമ്പർ 423/7-1 ൽ പെട്ട 06 ആർ 08 ച.മീ വസ്തു എന്നിവ മേൽ പദ്ധതിയിൽ വാങ്ങിയിട്ടുണ്ട്.വസ്തുക്കളുടെ രജിസ്ട്രേഷൻ നടപടി ക്രമങ്ങൾ യഥാക്രമം 24.12.2022,24.03.2023 തീയതികളിൽ പൂർത്തിയാക്കിയെങ്കിലും സെക്രട്ടറി പേർക്ക് തണ്ടപ്പേർ പിടിച്ച് കരം ഒടുക്കിയതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. തണ്ടപ്പേർ പിടിച്ച് കരം ഒടുക്കിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണവും വ്യക്തമാക്കാനായി ഓഡിറ്റ് അന്വേഷണം നം .59/04.10.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രജിസ്ട്രേഷൻ നടപടി ക്രമങ്ങൾ 24.03.2023 പൂർത്തിയായിട്ടും നാളിതുവരെ വാങ്ങിയ സ്ഥലത്തിൽ തണ്ടപ്പേർ പിടിച്ച് കരം ഒടുക്കാത്തത് ആസ്തി ആർജ്ജിക്കൽ, സംരക്ഷണം എന്നിവയിലുള്ള വീഴ്ചയാണ്. ആയതിനാൽ സ്ഥലത്തിൻമേൽ തണ്ടപ്പേർ പിടിച്ച് കരം ഒടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുള്ള തുടർനടപടിവിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 പഠനമുറി പദ്ധതി-പ്രവൃത്തി പൂർത്തിയാക്കിയില്ല.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 88/22-23 |
| പേര് | പഠനമുറി |

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട്,പൊതു വിഭാഗം സാധാരണ വിഹിതം | 148725 | 49300 |
| എസ്.സി.പി | 1900700 | 1900700 |
| തനത് ഫണ്ട് | 150575 | |
| ആകെ | 2200000 | 1950000 |

പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗരേഖ ഖണ്ഡിക 7.2.13 പ്രകാരമുള്ള പട്ടിക ജാതി വിദ്യാർത്ഥികൾക്കായി പഠനമുറി പദ്ധതി നടപ്പാക്കിയിട്ടുണ്ട്.800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വിസ്തീർണമുള്ള നിലവിലുള്ള വീടിനോട് ചേർന്ന് പരമാവധി 120 ചതുരശ്ര അടി വിസ്തീർണമുള്ള പഠനമുറിയുടെ നിർമാണമാണ് പദ്ധതിയുടെ ലക്ഷ്യം.200000 രൂപയാണ് പരമാവധി ധനസഹായം. ഗുണഭോക്താക്കളും പഞ്ചായത്തും തമ്മിലുള്ള എഗ്രിമെന്റിൽ ആദ്യ ഗഡു കൈപ്പറ്റി 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. താഴെ പറയുന്ന ഗുണഭോക്താക്കൾ പദ്ധതി തുക കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക(രൂപ) | തുകകൈപ്പറ്റിയത് സംബന്ധിച്ച വിശദാംശം |
|---|---|---|
| ശിവജിത്ത്.കെ.എ,<br>S/o കുഞ്ഞുമോൾ | 150000 | ആദ്യ ഗഡു-50000 രൂപ-30.12.2022,<br>രണ്ടാമത്തെ ഗഡു-50000 രൂപ-06.02.2023<br>മൂന്നാമത്തെ ഗഡു-50000 രൂപ-28.02.2023 |
| അലീന.ആർ.വി,D/o<br>വിനോദ്കുമാർ.ആർ.വി | 150000 | ആദ്യ ഗഡു-50000 രൂപ-10.02.2023<br>രണ്ടാമത്തെ ഗഡു-50000 രൂപ-27.02.2023<br>മൂന്നാമത്തെ ഗഡു-50000 രൂപ-10.03.2023 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം.47/30.09.2023 നുള്ള മറുപടിയിൽ 2023 ഒക്ടോബർ മാസം തന്നെ പ്രവൃത്തി പൂർത്തിയാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.ആയതിനാൽ എത്രയും വേഗം പ്രവൃത്തി പൂർത്തിയാക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

## 1-19 വൃദ്ധർക്ക് കട്ടിൽ-പദ്ധതി -കട്ടിലുകൾ വിതരണം ചെയ്തില്ല

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി | |
| പ്രോജക്ട് നമ്പർ | 99/22-23 | |
| പേര് | വൃദ്ധർക്ക് കട്ടിൽ | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട്,പൊതു വിഭാഗം സാധാരണ വിഹിതം | 639450 | 534400 |
| ആകെ | 639450 | 534400 |

പദ്ധതിയിൽ 167 കട്ടിലുകൾ ജാസ് ഇൻഡസ്ട്രീസ്,തിരുവാർപ്പ്,കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയെങ്കിലും ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ 165 കട്ടിലുകൾ മാത്രമേ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളൂ.ആയതിന്റെ കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം നം .48/30.09.2023 നുള്ള മറുപടിയിൽ 2 ഗുണഭോക്താക്കൾ കട്ടിൽ കൈപ്പറ്റാത്തതിനാലാണ് വിതരണം ചെയ്യാൻ കഴിയാത്തതെന്നും കട്ടിലുകൾ സ്റ്റോക്കിലെടുത്ത് സൂക്ഷിച്ചിട്ടുണ്ടെന്നും ഉടൻ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.കട്ടിലുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 കുട്ടികളുടെ സമഗ്ര കലാകായിക വികസനം പദ്ധതി

| | |
|---|---|
| പദ്ധതിയുടെ പേര് | കുട്ടികളുടെ സമഗ്ര കലാകായിക വികസനം |
| പദ്ധതി നമ്പർ | 132/23 |
| പദ്ധതി അടങ്കൽ | 100000/-രൂപ (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 54250/- രൂപ (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവണ്മെൻറ് എൽ പി സ്കൂൾ, ഏണിക്കര |

പദ്ധതി 132/23 ൽ ഉൾപ്പെടുത്തി 54 കുട്ടികൾക്ക് സംഗീതം, നൃത്തം, വാദ്യോപകരണം, ചിത്രമെഴുത്ത് തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധ പരിശീലനം നൽകുന്നതിനായി 1/3/2023 ന് നിർവഹണ ഉദ്യോഗസ്ഥയായ ഏണിക്കര എൽ പി എസി-ലെ ഹെഡ്മിസ്ട്രസ്സും കലാഗ്രാമം ഗ്രാമീണ പഠന കേന്ദ്രത്തിൻറെ എക്സിക്യൂട്ടീവ് കോർഡിനേറ്ററും ഒപ്പുവെച്ച ധാരണാപത്രം പ്രകാരം മാസത്തിൽ കുറഞ്ഞത് 8 ദിവസമെങ്കിലും വിദ്യാർത്ഥികൾക്ക് പരിശീലനം നൽകണം. ഹാജർ നില പരിശോധനവിധേയമാക്കി, ആയതിന്റെ അടിസ്ഥാനത്തിൽ ആവണം ഒരു കുട്ടിക്ക് 350/-രൂപ വീതം പ്രതിമാസം കലാഗ്രാമത്തിന് നൽകേണ്ടത്. തുക നൽകിയത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ക്ലാസ് നടന്ന ദിനങ്ങൾ | വിദ്യാർഥികളുടെ എണ്ണം | തുക/ വിദ്യാർഥി(രൂപ) | ആകെ(രൂപ) |
|---|---|---|---|---|
| നവംബർ | 7 | 53 | 350/- | 18550/- |
| ഡിസംബർ | 6 | 34 | 350/- | 11900/- |
| ജനുവരി | 9 | 34 | 350/- | 11900/- |
| ഫെബ്രുവരി | 7 | 34 | 350/- | 11900/- |

എന്നാൽ കുറഞ്ഞത് 8 ദിനങ്ങൾ ക്ലാസ്സ് നടക്കാത്ത മാസങ്ങളിലും മുഴുവൻ തുകയും കൈമാറിയിരിക്കുന്നു. ഇതുമായി ബന്ധപെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(06/2023, 25.09.2023) മനപൂർവമല്ലാത്ത കാരണങ്ങൾ കൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്നും ക്ലാസ്സ് നടന്ന ദിവസങ്ങളിൽ രണ്ട് മണിക്കൂർ അധികപരിശീലനം നൽകിയും ഒരു മാസം 9 ദിവസം പരിശീലനം നൽകിയും കോഴ്സ് വിജയകരമായി പൂർത്തീകരിക്കാൻ സാധിച്ചു എന്നുമാണ് നിർവഹണ ഉദ്യോഗസ്ഥ വിശദീകരണം നൽകിയത്. തുടർ വർഷങ്ങളിൽ ഇത്തരത്തിലുള്ള അപാകങ്ങൾ ഉണ്ടാകില്ലെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി സംബന്ധിച്ചുള്ള നിർവഹണ ഉദ്യോഗസ്ഥയുടെ മോണിട്ടറിങ്ങ് റിപ്പോർട്ട് ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

## 1-21 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-പരമാവധി തുകയിൽ നിന്നും 4668/- രൂപ അധികം നൽകിയിരിക്കുന്നു

2022-23 വർഷത്തിൽ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി അനുവദിച്ചതിൽ ഒരു ഗുണഭോക്താവിന് നല്കാവുന്ന പരമാവധി തുകയിലും അധികം തുക നല്കിയിട്ടുണ്ട്.

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണ ഉദ്യോഗസ്ഥനായി 2022-23ൽ നടപ്പാക്കിയ പദ്ധതിയിലാണ് ഇത്തരത്തിൽ അപാകം വന്നിട്ടുള്ളത്.

പദ്ധതിയുടെ വിശദവിവരം

പ്രോജക്ട്- 121/23 ക്ഷീര സമൃദ്ധി പാലിന് സബ്സിഡി(സംയുക്തം)

അടങ്കൽ-1600000(വികസന ഫണ്ട്- 1100000 + ബ്ലോക്ക് വിഹിതം - 400000 + ജില്ലാവിഹിതം-100000)

ചെലവ്-1600000 (വികസന ഫണ്ട്-1100000 + ബ്ലോക്ക് വിഹിതം – 400000 + ജില്ലാവിഹിതം – 100000)

സബ്സിഡി മാർഗരേഖ സ.ഉ.(കൈ) 115/2022, 28.05.2022 അനുസരിച്ച് ക്ഷീരകർകർക്ക് പാലിന് സബ്സിഡി പദ്ധതിയിൽ ഒരു ഗുണഭോക്താവിന് ഒരു വർഷം നല്കാവുന്ന പരമാവധി തുക 40000/- രൂപയാണ്. 22-23 ൽ അനുവദിച്ച തുകയിൽ ശ്രീ. ഈപ്പൻ ജോർജ്ജ് എന്ന ഗുണഭോക്താവിന് രണ്ട് ബില്ലുകളിലുമായി യഥാക്രമം 8888/ രൂപയും, 35780/- രൂപയും ചേർത്ത് 44668/- രൂപ അനുവദിച്ചിട്ടുണ്ട്.

മാർഗരേഖപ്രകാരം നിശ്ചയിച്ചിരിക്കുന്ന പരിധി കഴിഞ്ഞ് അനുവദിച്ച4668/- രൂപ ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കി അറിയിക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( 57/04.10.2023 )

ട്രഷറിയിൽ 3604-00-911-99-00 Recoveries Of Over Payments എന്ന ഹെഡിൽ 07.10.23 ന് അടവുവരുത്തിയതായി അറിയിച്ചിട്ടുണ്ട്. സബ്സിഡി അനുവദിക്കുമ്പോൾ മാർഗരേഖപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അടവു വിവരങ്ങൾ ആധികാരികമായി സമർപ്പിക്കേണ്ടതാണ്.

## 1-22 ലൈഫ് ഭവന പദ്ധതി ഫേസ്-3 ഭൂമി വാങ്ങി വന്നവർക്കുള്ള ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.

വി.ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം പ്രോജക്ട് നം.55/23പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്കുള്ള ലൈഫ് ഭവന പദ്ധതി ഫേസ്-3യിൽ ശ്രീമതി. വി.ജ്യോതി, MGHC, മരുതൂർ, അരുവിയോട് എന്നയാൾക്ക് ഭൂമി നൽകിയ ഇനത്തിൽ ശ്രീമതി ശകുന്തള എ. എന്നയാൾക്ക് 2.25 ലക്ഷം രൂപ നൽകിയിട്ടുണ്ട്. നെടുമങ്ങാട് താലൂക്കിൽ വട്ടപ്പാറ വില്ലേജിൽ ബ്ലോക്ക് നം.33, റീസർവ്വേ നമ്പർ 242-ൽ 01.21ആർ സ്ഥലം 25.05.2022-ൽ ശ്രീമതി. വി.ജ്യോതി, പേർക്ക് പ്രമാണം രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെ ഗുണഭോക്താവായ ശ്രീമതി. വി.ജ്യോതി ഭവന നിർമ്മാണത്തിന് പഞ്ചായത്തുമായി കരാറിലേർപ്പെട്ട് ധനസഹായം കൈപ്പറ്റുകയോ ഭവനനിർമ്മാണം ആരംഭിക്കുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (40/29.09.2023) സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാലാണ് ഭവനനിർമ്മാണം ആരംഭിക്കാത്തതെന്നും നോട്ടീസ് നൽകുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. ലൈഫിൽ ലഭിച്ച ഭൂമിയിൽ ടി ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ തുടർ നടപടികൾ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സ്വീകരിക്കേണ്ടതാണ്.

## 1-23 കരാർ ചമച്ച ഗുണഭോക്താക്കൾ - ഭവനം നിർമ്മാണം ആരംഭിച്ചിട്ടില്ല.

ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ലൈഫ് ഭൂമി വാങ്ങി വന്നവർക്കുള്ള ഭവന നിർമ്മാണ പദ്ധതിയിൽ (പട്ടികജാതി) (പദ്ധതി.നം 129/23) ഉൾപ്പെട്ടിട്ടുള്ള താഴെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ കരാർ വെച്ച് ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും നാളിതുവരെ ഭവനം നിർമ്മാണം ആരംഭിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | തുക അനുവദിച്ച തീയതി | അനുവദിച്ച തുക |
|---|---|---|---|
| 1 | സനൽകുമാർ | 07.11.2022 | 40000 |
| 2 | വിജയകുമാർ | 10.02.2023 | 40000 |
| 3 | വിജി.റ്റി | 02.03.2023 | 40000 |
| 4 | ഗീത.ഡി | 09.03.2023 | 40000 |
| 5 | ഗീത.എസ്സ് | 20.03.2023 | 40000 |
| 6 | ലീല | 25.03.2023 | 40000 |

മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾ പണി ആരംഭിക്കാത്തതിന്റെ കാരണം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( 41/ 29.09.2023) സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാലാണ് ഭവനനിർമ്മാണം ആരംഭിക്കാത്തതെന്നും നോട്ടീസ് നൽകുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നിലവിൽ എല്ലാവരും ഭവനനിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 എൻ.ആർ.എച്.എം-ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ സബ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| പ്രോജക്ട് നമ്പർ | 27/22-23 |
| പേര് | കരകുളം എൻ.ആർ.എച്ച്.എം-ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| മെയിന്റനൻസ് ഫണ്ട് റോഡിതരം | 900000 | 900000 |
| ആകെ | 900000 | 900000 |
| ബിൽ നമ്പർ/തീയതി | 118/10.10.2022 | |

മേൽ പദ്ധതിയിൽ വാങ്ങിയ ചുവടെ പറയുന്ന മരുന്നുകൾ മെയിൻ സ്റ്റോക്കിൽ നിന്ന് സബ് സ്റ്റോക്ക് രജിസ്റ്ററിലേക്ക് മാറ്റിയതായി മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സബ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

| മരുന്നിന്റെ പേര് | മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ നിന്ന് സബ് സ്റ്റോക്ക് രജിസ്റ്ററിലേക്ക് മാറ്റിയ മരുന്നിന്റെ വിവരം | സബ്സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെ വിവരം | സ്റ്റോക്കിൽ രേഖപ്പെടുത്താത്ത മരുന്നിന്റെ മൂല്യം(രൂപ) |
|---|---|---|---|
| ബലാഗുളുച്യാദി തൈലം | 07.03.2023-10 ബോട്ടിൽ (ഒരു ബോട്ടിലിന്റെ വില-162 രൂപ) .പേജ് നം.179 | സ്റ്റോക്ക് എടുത്തിട്ടില്ല പേജ് നം.190 | 1620 |
| മഞ്ചിഷ്ഠാദി കഷായ ചൂർണ്ണം | 07.03.2023- 3 കിലോയുടെ 1 പാക്കറ്റ് ( ഒരു കിലോക്ക് 207 രൂപ)<br>05.06.2023-3 കിലോയുടെ 2 പാക്കറ്റ് ( ഒരു കിലോക്ക് 207 രൂപ)<br>05.07.2023-3 കിലോയുടെ 2 പാക്കറ്റ് ( ഒരു കിലോക്ക് 207 രൂപ)<br>പേജ് നം.165 | സ്റ്റോക്ക് എടുത്തിട്ടില്ല. പേജ് നം.69 | 1449 |
| നിശാകദകാദി കഷായ ചൂർണ്ണം | 05.08.2022-2.5 കിലോയുടെ 1 പാക്കറ്റ്(ഒരു കിലോക്ക് 191 രൂപ)<br>05.09.2022-2.5 കിലോയുടെ 1 പാക്കറ്റ്(ഒരു കിലോക്ക് 191 രൂപ)<br>04.11.2022-2.5 കിലോയുടെ 1 പാക്കറ്റ്(ഒരു കിലോക്ക് 191 രൂപ)<br>05.12.2022-2.5 കിലോയുടെ 2 പാക്കറ്റ്(ഒരു കിലോക്ക് 191 രൂപ)<br>07.03.2023-2.5 കിലോയുടെ 1 പാക്കറ്റ്(ഒരു കിലോക്ക് 191 രൂപ) | സ്റ്റോക്ക് എടുത്തിട്ടില്ല. പേജ് നം.127 | 5730 |

| | | | |
|---|---|---|---|
| | 05.04.2023-2.5 കിലോയുടെ 2 പാക്കറ്റ്(ഒരു കിലോക്ക് 191 രൂപ)<br>05.05.2023-2.5 കിലോയുടെ 2 പാക്കറ്റ്(ഒരു കിലോക്ക് 191 രൂപ)<br>05.06.2023-2.5 കിലോയുടെ 1 പാക്കറ്റ്(ഒരു കിലോക്ക് 191 രൂപ)<br>05.07.2023-2.5 കിലോയുടെ 1 പാക്കറ്റ്(ഒരു കിലോക്ക് 191 രൂപ).പേജ് നം.186 | | |
| ബലാരിഷ്ടം | 05.06.2023-30 ബോട്ടിൽ(ഒരു ബോട്ടിലിന് 62 രൂപ)<br>05.07.2023-30 ബോട്ടിൽ(ഒരു ബോട്ടിലിന് 62 രൂപ)<br>പേജ് നം.207 | സ്റ്റോക്ക് എടുത്തിട്ടില്ല.<br>പേജ് നം.189 | 3720 |
| ആകെ | | | 12519 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം.58/04.10.2023 നുള്ള മറുപടിയിൽ മരുന്നുകൾ രോഗികൾക്ക് നൽകിയിട്ടുണ്ടെന്നും, ജീവനക്കാരുടെ അഭാവം മൂലം സബ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ മരുന്നുകൾ സബ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതും, റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-25 ഡയാലിസിസ് രോഗികൾക്ക് ചികിത്സാ ധനസഹായം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 252/23 |
| പേര് | ആശ്വാസ് - ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം |
| അടങ്കൽ | 168000/- |
| ചെലവ് | 168000/- |
| ബിൽ നം | 659/30.03.23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (അലോപ്പതി) |

ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് ചികിത്സാ സഹായം , എന്ന സംയുക്ത പദ്ധതി ജില്ലാ പഞ്ചായത്ത് 50% തുകവകയിരുത്തി നിർവഹണം നടത്തുകയും, ബ്ലോക്ക് /ഗ്രാമ പഞ്ചായത്തുകൾ 50% തുക വകയിരുത്തുകയും ചെയ്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി കരകുളം ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളായി കണ്ടെത്തിയവർക്ക് നൽകുവാനുള്ള ആനുകൂല്യതുക നൽകുന്നതിനു വേണ്ടി 168000/-രൂപ ജില്ലാപഞ്ചായത്തിന് (അക്കൗണ്ട് നമ്പർ - 67179150579) കൈമാറിയിട്ടുണ്ട്.തുകയുടെ വിനിയോഗവിവരം ഫയലിൽ ലഭ്യമല്ല. സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായിട്ടാണ് പ്രോജക്ട് നിർവ്വഹണം നടത്തിയിരിക്കുന്നത്. പ്രോജക്ട് പ്രകാരം ചെലവായ 168000/-രൂപയുടെ

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-26 സ്ത്രീ പദവി പഠനം-പെൺ അടയാളങ്ങൾ പദ്ധതി-അപാകങ്ങൾ

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | |
| പ്രോജക്ട് നമ്പർ | 117/22-23 | |
| പേര് | സ്ത്രീ പദവി പഠനം-പെൺ അടയാളങ്ങൾ | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട്, പൊതു വിഭാഗം സാധാരണ വിഹിതം | 47500 | 20783 |
| ആകെ | 47500 | 20783 |

ലിംഗപദവി സൗഹൃദമാക്കുന്നതിനും സ്ത്രീകളുടെ അവസ്ഥയും പ്രശ്നങ്ങളും ആവശ്യങ്ങളും മനസ്സിലാക്കി അവരെ സമൂഹത്തിന്റെ മുന്നിലെത്തിക്കുകയുമാണ് പ്രൊജക്ടിന്റെ ലക്ഷ്യം. പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം പദ്ധതി ലക്ഷ്യം കൈവരിച്ചോ എന്നത് സംബന്ധിച്ച മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഉൾപ്പെടെയുള്ള രേഖകളൊന്നും തന്നെ ഫയലിൽ ലഭ്യമല്ല. പ്രൊജക്ട് പ്രകാരം സ്ത്രീ പദവി പഠനം സംബന്ധിച്ച സർവെ നടത്തുന്നതിലേക്കായി രണ്ട് എന്യൂമറേറ്റർമാരെ നിയമിച്ചിട്ടുണ്ട്.എന്യൂമറേറ്റർമാരുടെ ശമ്പളമാണ് പദ്ധതിയുടെ ആകെ ചെലവ്.ഓഡിറ്റ് അന്വേഷണം നം .17/25.09.2023 നുള്ള മറുപടിയിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ നിർദ്ദേശ പ്രകാരം ഉൾപ്പെടുത്തിയ പ്രൊജക്ടാണെന്നും ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തി പദ്ധതിയുടെ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സ്പിൽ ഓവറായി പദ്ധതി പൂർത്തിയാക്കുമ്പോൾ മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഉൾപ്പെടെയുള്ള എല്ലാ രേഖകളും ഫയലിൽ സൂക്ഷിക്കാനായി ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ഹരിതകർമ്മ സേന - ധനവിനിയോഗത്തിലെ അപാകങ്ങൾ

ഹരിതകേരളം പദ്ധതിയുടെ ഭാഗമായ ശുചിത്വ മാലിന്യ സംസ്കരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുവാനാണ് ഹരിതകർമ്മ സേന രൂപീകരിച്ചിരിക്കുന്നത്. ഹരിതകർമ്മ സേനയുടെ രജിസ്റ്ററുകളും ബാങ്ക് സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) വീട്/സ്ഥാപന കെട്ടിട നമ്പർ, ഏത് മാസത്തെ യൂസർ ഫീസ് ആണ് കളക്ട് ചെയ്യുന്നത് എന്നീ വിവരങ്ങൾ കൃത്യമായി രസീതിൽ രേഖപ്പെടുത്തിയിട്ടില്ല.

2)രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3)രസീത് ബുക്കുകൾക്ക് ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.

4) ഹരിതകർമ്മ സേന കൺസോർഷ്യം സെക്രട്ടറി ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല.

5) ഹരിത കൺസോർഷ്യത്തിന്റെ കണക്കുകൾ കൺസോർഷ്യം സെക്രട്ടറി എഴുതുകയും സമിതിയുടെ പൊതുയോഗത്തിൽ കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങുകയും ചെയ്യുതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല.

5) ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ഹരിത കർമ്മ സേനാംഗങ്ങൾക്ക് 2022 ഓണത്തിനോടനുബന്ധിച്ചും 2023 ഓണത്തിനോടനുബന്ധിച്ചും ബോണസ് ഇനത്തിൽ കൺസോർഷ്യത്തിന്റെ കോർപ്പസ് ഫണ്ടിൽ നിന്നും തുക നല്കിയതായി കാണുന്നു. ആയതിന് അടിസ്ഥാനമാക്കിയ സർക്കാർ ഉത്തരവ് / മാർഗ്ഗനിർദേശം / സർക്കുലർ എന്നിവ ഹാജരാക്കുകയോ ഹരിത കർമ്മ സേനാ കൺസോർഷ്യം കൂടി തീരുമാനമെടുത്തതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല. 2022-23 വർഷം കോർപ്പസ് ഫണ്ടിൽ നിന്നും 32 ഹരിതകർമ്മ സേനാംഗങ്ങൾക്കും കൺസോർഷ്യം അക്കൌണ്ടിൽ അവശേഷിക്കുന്ന തുക (മാസം തോറും പിരിച്ചെടുക്കുന്ന തുകയുടെ 10%) യിൽ നിന്നും 200/- രൂപ വീതം കുറച്ച് ബോണസ് അനുവദിച്ചിരിക്കുന്നു.

6)കളക്ഷൻ രജിസ്റ്ററും ക്യാഷ് ബുക്കും പരിപാലിക്കാത്തതിനാൽ കൺസോർഷ്യത്തിന്റെ ബാങ്ക് അക്കൌണ്ടിലേക്ക് ഒടുക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

7)കൺസോർഷ്യത്തിന്റെ ബാങ്ക് അക്കൌണ്ടിൽ നിന്നും ഹരിതകർമ്മ സേനാംഗങ്ങൾക്ക് നല്കുന്ന തുകകൾ രജിസ്റ്റർ പ്രകാരമുള്ള തുക (മാസം തോറും പിരിച്ചെടുക്കുന്ന തുകയിൽ നിന്നും 10% കൺസോർഷ്യം അക്കൌണ്ടിൽ മാറ്റി വെയ്ക്കുന്ന

തുക കുറവു ചെയ്തത്) കളിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ഹരിത കർമ്മസേനാംഗങ്ങളുടെ അക്കൗണ്ടിലേക്ക് നല്കേണ്ട തുക (90% Of User Fee Collected) As Per Register | ഹരിത കർമ്മസേനാംഗങ്ങളുടെ അക്കൗണ്ടിലേക്ക് നല്കാനായി പിൻവലിച്ച തുക (As Per Bank Statement) | വ്യത്യാസം |
|---|---|---|---|
| മെയ് | 163370 | 164370 | 1000 |
| ജൂൺ | 158450 | 162450 | 4000 |
| ജൂലൈ | 170559 | 171559 | 1000 |
| ഒക്ടോബർ | 109926 | 181161 | 71235 |
| നവംബർ | 218826 | 205328 | -13498 |
| ഡിസംബർ | 220248 | 231228 | 10980 |
| ജനവരി | 218061 | 218331 | -270 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (55, 63/04.10.23) മറുപടി ലഭ്യമായില്ല. ഓരോ രസീത് ബുക്ക് വഴിയും ശേഖരിച്ച തുക കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും കൺസോർഷ്യത്തിന്റെ ബാങ്ക് അക്കൌണ്ടിലേക്ക് ഒടുക്കുന്ന തുകയുടെ കൃത്യത നിർവഹണോദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. വ്യത്യാസം വന്ന തുക തിരികെ കോർപ്പസ് ഫണ്ടിലേക്ക് ഒടുക്കുവരുത്തുകയോ അല്ലാത്ത പക്ഷം തുടർമാസങ്ങളിലെ വേതനത്തിൽ നിന്നും ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

### 1-28 ഹോണറേറിയം തുക മാറുന്നതിലെ അപാകങ്ങൾ

2022-23 സാമ്പത്തിക വർഷത്തിലെ വൗച്ചർ പരിശോധിച്ചതിൽ എല്ലാ മാസവും ജനപ്രതിനിധികളുടെ ഹോണറേറിയം തുക മാറുന്നത് രണ്ടു ബില്ലുകളായിട്ടാണ്. 2023 ജനവരി മാസത്തിലെ വൗച്ചർ പരിശോധിച്ചപ്പോൾ മെമ്പർമാരുടെ സർക്കാർ നിർദ്ദേശമനുസരിച്ചുള്ള ഹോണറേറിയം 8000/- വീതം 18 മെമ്പർമാർക്ക് 144000/- നൽകേണ്ടതിനു പകരം 124520/- രൂപയാണ് നൽകിയിട്ടുള്ളത്. അതേ മാസത്തിൽ ഹോണറേറിയം ഹെഡ്ഡിൽ 19630/- രൂപ മാറി നൽകിയതായി കാണുന്നു. ആകെയുള്ള 23 മെമ്പർമാർക്ക് 12 മാസത്തെ ഹോണറേറിയം നല്കിയതിന്റെ വിശദാംശം ആവശ്യപ്പെട്ടെങ്കിലും ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (64/22, 04/10/23) മറുപടി ലഭ്യമാക്കിയില്ല. ഹോണറേറിയം ഒരേ മാസത്തിൽ രണ്ടു ബില്ലുകളായി മാറുന്നതിന്റെ കാരണം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | മുന്നിരിപ്പ് | തൻവർഷ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|

| നൽകിയ സ്ഥാപനം | | വരവ് | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 3400 | 1656125 | 1656125 | 3400 |
| ബ്ലോക്ക് പഞ്ചായത്ത് | 1164284 | 2468125 | 2468125 | 1164284 |

ഈ വ്യത്യാസം വാർഷിക ധനകാര്യ പത്രികയിലെ അപാകതയായി പരാമർശിച്ചിട്ടുണ്ട്.

## 4-2 നിക്ഷേപ പ്രവൃത്തികൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുന്നിരിപ്പ് | തൻ വർഷം നൽകിയ തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കെഎസ് ഇ ബി | വൈദ്യുതലൈൻ നീട്ടൽ | 15887115 | *2753200 | 18640315 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 19181226 | 0 | 22573907 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പാ /വായ്പാതരിച്ചടവ്

2022-2023 സാമ്പത്തിക വർഷം വായ്പാ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നം/തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | B5 -ലെ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ യു ആർ ഡി എഫ് സി ലോൺ ലൈഫ് മിഷൻ | ഇല്ല | | 40525980 | 4039397 | | 32447186 |

ലോണിനത്തിലെ വരവ്, ചെലവ്, നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2019/20 | 1.19 | 2020/21 | 1.19 | ആരോഗ്യം, ആയുർവേദം ചെലവ് അപാകത | റിപ്പോർട്ട് നൽകിയിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| | 1.25 | 2020/21 | 1.25 | ആരോഗ്യം, പി എച്ച് സി ചെലവ് അപാകത | റിപ്പോർട്ട് നൽകിയിട്ടുണ്ട് |

## 4-8 ചാർജ്ജ് സർചാർജ്ജ്നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 46151037 |
| ഓഡിറ്റ് വർഷത്തെ വരവ് | 84810199 |
| ആകെ | 130961236 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 65909635 |
| നീക്കിയിരിപ്പ് | 65051601 |
| വരവിനങ്ങളുടെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി) പഞ്ചായത്ത ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| Nil | | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.
ഇല്ല

(ഇ ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം
ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ ജി .പി7/1924/2022 തീയതി 25.10.2022 | 01 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ ജി .പി7/1924/2022 തീയതി 25.10.2022 | 3 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ ജി .പി7/1924/2022 തീയതി 25.10.2022 | 3 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ ജി .പി7/1924/2022 തീയതി 25.10.2022 | 2 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ ജി .പി7/1924/2022 തീയതി 25.10.2022 | 4 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ ജി .പി7/1924/2022 തീയതി 25.10.2022 | 7 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ ജി .പി6/2426/2018 തീയതി 06.04.2019 | 20 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ ജി .പി6/343/2022 തീയതി 16.02.2023 | 20 |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ ജി .പി6/947/2021 തീയതി 02.07.2021 | 59 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ ജി .പി6/735/2022 തീയതി 08.06.2022 | 53 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ ജി .പി7/ 365/2023 തീയതി 08.03.2023 | 36 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 04-08-2023 and submitted on 07-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Karakulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Karakulam Grama Panchayat for the year 2022-2023

Date: 09/11/2023

Deputy Director(H.G)
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Karakulam Grama Panchayat for the Year 2022-2023.

**1.Major Observations**

nil

**2.Other Observations**

1. Mandatory financial statement prescribed in accounting rules such as financial ratios, notes on accounts are not submitted for audit
2. The valuation of stock and stores are not done at the end of the financial year and also not included in B-14 Stock in hand (inventories) schedule.
3. Asset register not updated and certified by competent authority.
4. Net increase in cash flow (18900564/-) does not match with the difference between the opening balance of cash and cash equivalents (14157021/-)

5. cheque deposited but not credited.

As per the reconciliation statement of own fund account (Federal bank) an amount of Rs 1400 is shown as cheque deposited but not cleared but the validity of the cheque for Rs 1400 is expired, details of the same is not furnished

6. Statement which is to be attached with B-1 Shedule (Adjusted performance for the current year) has not been submitted with the annual financial statement.

7. The demand, collection and balance amounts as per property tax Sanchaya Statement are not matching with the annual financial statement.

| Item | Account Code | Demand | Collection | |
|---|---|---|---|---|
| | | | (Receipt & Payment) | As per Register |
| Profession Tax (Employees) | 110200102 | 2664050 | 2622800 | |
| (Current) License Fee for Factories , Traders, Entrepreneurs and other services | 140110101 | 534940 | 382340 | |

8. Depreciation provided for asset which is not recorded as an asset as per balance sheet.

eg. Plant & Machinery -There is an accumulated depreciation of Rs.1684266/-

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്